# ഡിജിറ്റൽ മാഗസിൻ

ഗവ.ഹയർ സെക്കണ്ടറി സ്കൂൾ
കുടയത്തൂർ



# ആശംസകളോടെ...



കുടയത്തൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ പ്രവർത്തിച്ച വരുന്ന ലിറ്റിൽ കൈറ്റ്സ് ക്ളബിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ തികച്ചും മാതൃകാപരമാണ്. കൊച്ചു കൂട്ടുകാരുടെ കവിതകളും ലേഖനങ്ങളും മറ്റു സാഹിത്യ സൃഷ്ടികളും ഉൾപ്പെടുത്തിയുള്ള ഡിജിറ്റൽ മാഗസിൻ ഏറ്റവും മനോഹരവും ആത്യന്തം പ്രശംസനീയവുമാണ്. 2018 ഡിസംബർ 31 ാം തിയതി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രകാശനം ചെയ്യുന്ന "മഴവില്ല്"എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ "കൊച്ചു" കൂട്ടുകാർക്കും അവരുടെ പ്രിയപ്പെട്ട അധ്യാപിക കൊച്ചുറാണി ടീച്ചർക്കും ഹൃദയംഗമമായ അഭിനന്ദനങ്ങൾ.

റോയി ഫിലിപ്പ്
പ്രിൻസിപ്പാൾ
ജി.എച്ച്.എസ്.എസ്.കുടയത്തൂർ

# ആശംസ



നമ്മുടെ സ്കൂൾ ആദ്യമായി ഒരു ഡിജിറ്റൽ മാഗസിൻ പ്രകാശനം ചെയ്യുന്നതിൽ അതിയായി സന്തോഷിക്കുന്നു. വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ സർഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനും വിജ്ഞാനം പ്രദാനം ചെയ്യുന്നതിനും ഉതകുന്ന ഒരു സൃഷ്ടിയായി ഈ മാഗസിൻ മാറട്ടെ എന്ന് പ്രത്യാശിക്കുന്നു. അതോടൊപ്പം "മഴവില്ല്" എന്ന പേരിൽ ഈ മാഗസിൻ തയ്യാറാക്കിയ ഈ സ്കൂളിലെ ലിറ്റൽ കൈറ്റ്സ് അംഗങ്ങൾക്കും ഈ മാഗസിനും എല്ലാവിധ ആശംസകളും നേരുന്നു.

നസീമബീവി.പി

ഹെഡ് മിസ്ട്രസ്

ജി.എച്ച്.എസ്.എസ്.കടയത്തൂർ

# മഴവില്ല്

## മഴവില്ലിന്റെ വഴികാട്ടികൾ

1. ശ്രീമതി.നസീമബീവി.പി (എച്ച്.എം)
2. ശ്രീമതി.കൊച്ചുറാണി ജോയി (കൈറ്റ് മിസ്ട്രസ്)
3. ശ്രീമതി.ഉഷാകുമാരി കെ.പി (കൈറ്റ് മിസ്ട്രസ്)

## മഴവില്ലിനെ മഴവില്ലാക്കിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

1. അദ്വൈത് പി.വി
2. അലൻ ഷാജ്ജ
3. അശ്വിൻ കെ . ആനന്ദൻ
4. അരവിന്ദ് കെ . ജെ
5. ആദർശ് സാബു
6. ആർദ്ര സാബു
7. മാലിനി ഉണ്ണികൃഷ്ണൻ
8. ദേവിക സിബി
9. ശ്രീലക്ഷ്മി കെ.ബാബു
10. അശ്വതി സജീവ്
11. അക്സാമേരി വി .ജെ
12. അൽഷിഫാ വി.ജെ
13. അസ്മ അസീസ്
14. കാർത്തിക ബിനു
15. റ്റോണിയ രാജു

# എഡിറ്റോറിയൽ




ഈ ഡിജിറ്റൽ മാഗസിൻ ഓരോ ലിറ്റിൽകൈറ്റ്സ് കൂട്ടുകാരുടേയും പരിശ്രമത്തിന്റെ ഫലമാണ്. കുട്ടികളുടെ നൈസർഗികമായ ഭാഷാശേഷി ഉപയോഗപ്പെടുത്തിയുള്ള രചനകളും , തനതായ ആശയങ്ങളും, അഭിപ്രായങ്ങളും കോർത്തിണക്കിക്കൊണ്ട് "മഴവില്ല്" എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നു. കൂടാതെ മലകളും, പുഴകളും നൃത്തം വയ്ക്കുന്ന പ്രകൃതിരമണീയമായ കടയത്തൂർ ഗ്രാമവും അവിടെ തലയുയർത്തിനിൽക്കുന്ന സരസ്വതി വിദ്യാലയമായ ഗവ. ഹയർസെക്കണ്ടറി സ്കൂളിന്റെ ചരിത്രവും ഇതോടൊപ്പം അനാവരണം ചെയ്തിരിക്കുന്നു.

ലിറ്റിൽ കൈറ്റ്സ് കൂട്ടുകാരുടെ സ്വപ്നസാക്ഷാത്കാരമാണ് ഈ ഡിജിറ്റൽ മാഗസിൻ.

"മഴവില്ല്" എന്ന ഈ ഡിജിറ്റൽ മാഗസിൻ നിങ്ങളേവരുടേയും മുൻപിൽ സവിനയം സമർപ്പിക്കുന്നു.

ദേവിക സിബി
എഡിറ്റർ

# താളുകൾ മറിക്കുമ്പോൾ........................

വെയിലിൽ വിരിയുന്ന പൂക്കൾ..........28
തുടരുന്ന യാത്ര..........19
തോരാത്തമഴ..........50
നല്ല കാട്ടുകൾ..........92
പ്രളയം നൽകിയ പാഠം..........53
സ്നേഹനൊമ്പരം..........55
അക്ഷരപ്പൂക്കാലം..........85
അത്യാഗ്രഹം ആപത്ത്..........33
ആഗോളതാപനവും പ്രളയാനന്തര കേരളവും..........65
ആശംസ..........3
ആശംസകളോടെ..........2
ഇളംവെയിൽ മായും നേരം..........30
എഡിറ്റോറിയൽ..........5
ഒരു കൊച്ചു സ്നേഹം..........48
ഒരു അനാഥത്വത്തിന്റെ കഥ..........57
ഓർമ്മിക്കുവിൻ മർത്യരെ..........87
കേരളം..........62
കേരള പുനർനിർമ്മാണം..........76
ഗവ.ഹയർസെക്കണ്ടറി സ്കൂൾ കുടയത്തൂർ..........8
ഗാന്ധിജി ജീവചരിത്രം..........68
തുള്ളൽ കവിത..........96
ദയാലുവായ പെൺകുട്ടി..........39

പന്തയം....................................................................89
പുതിയ കേരളം..............................................................77
പ്രകൃതി ഭംഗികൾ..........................................................24
ഭൂമി.......................................................................99
മനുഷ്യരാശി................................................................94
മയിലാട്ടും കുന്നിന്റെ ഭംഗികൾ..........................................35
മഹാത്മാഗാന്ധി.............................................................80
മാതൃഭാഷയറിയാതെ......................................................46
വായനയും വായനാശാലയും..............................................72
വെളിച്ചം എന്നോട് പറയാതിരുന്നത്....................................82
സന്ധ്യാരാഗം ...............................................................21
സൃഷ്ടിക്കായ്...............................................................74
സ്ററീഫൻ ഡബ്ല്യു ഹോക്കിങ്- ജീവിക്കുന്ന പ്രതിഭാസം....................70

&&&&&&&&&&&&&&&&&&&&&&&&&&&&&&&&




# ഗവ.ഹയർസെക്കണ്ടറി സ്കൂൾ കുടയത്തൂർ ചരിത്രം.

ഇടുക്കി ജില്ലയിലെ കുടയത്തൂർ എന്ന കൊച്ചുഗ്രാമത്തിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത് . തെക്കുഭാഗത്തായി തലയുയർത്തി നില്കുന്ന കുടയത്തൂർ വിസ്ധ്യനും സ്കൂളിന്റെ വടക്കുഭാഗത്തായി നിറഞ്ഞൊഴുകുന്ന പുഴയും ഈ വിദ്യാലയത്തിന്റെ ചാരുതകൂട്ടുന്നു.കുടയത്തൂർ എന്ന സ്ഥലനാമത്തിനു പിന്നിൽ ഒരു

ഐതിഹ്യ കഥയുണ്ട്. പണ്ട് ശ്രീ അയ്യപ്പൻ തന്റെ യാത്രാവേളയിൽ ഈ പ്രദേശത്തെത്തിയപ്പോൾ കുട താഴെ വെച്ച് വിശ്രമിക്കുകയുണ്ടായി. "കുടവച്ചഊര്" എന്നതുലോപിച്ച് "കുടവച്ചൂര്" എന്നും പിന്നീടത് "കുടയത്തൂർ" എന്നും പേരായി എന്നാണ്ആ ഐതിഹ്യകഥ. പതിററാണ്ടുകൾക്ക്മുമ്പ്ഇവിടെ രാജഭരണം നിലനിന്നിരുന്നപ്പോൾ ഈപ്രദേശം തിരുവിതാംകൂർ രാജ്യത്തിൽ, കോട്ടയം ഡിവിഷനിൽ, തൊടുപുഴ താലൂക്കിൽപ്പെട്ടതായിരുന്നു .താലൂക്കുകളെ പല 'പ്രവൃത്തി'(ഇന്നത്തെവില്ലേജ്) കളായിട്ട് വിഭജിച്ചിരുന്നു. ഇന്ന് അറക്കുളം , കുടയത്തൂർ , മുട്ടം , കാരിക്കോട്, ആലക്കോട് , വെള്ളിയാമററം എന്നിങ്ങനെ പല വില്ലേജുകളായി വിഭജിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളെല്ലാം പണ്ട് കാരിക്കോട് പ്രവൃത്തിയിൽപ്പെട്ടതായിരുന്നു. അതായത് ഈവിദ്യാലയവും കാരിക്കോട് പ്രവൃത്തിയിൽപ്പെട്ടതായിരുന്നു. തിരുവിതാംകൂറിൽ പ്രായപൂർത്തിയായ പുരുഷന്മാർ രാജകുടുംബത്തിൽ ഇല്ലാതിരുന്നപ്പോൾ ഒരു റാണി ഭരണമേററു. അവർ ദിവാനായി (പ്രധാനമന്ത്രി) മണ്ടറൊ എന്ന വെള്ളക്കാരനെ നിയമിക്കുകയും ചെയ്തു. അദ്ദേഹം വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകിയിരുന്നു. വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനായി പ്രവൃത്തികൾ തോറും പ്രൈമറി സ്കൂൾ ആരംഭിക്കുവാൻ റാണിയേക്കൊണ്ടു വിളംബരം ചെയ്യിച്ചു. അങ്ങനെ കാരിക്കോട് പ്രവൃത്തിക്ക് അനുവദിച്ച സ്കൂൾ കുടയത്തൂരാണ് സ്ഥാപിച്ചത്. ശരംകുത്തിക്കാവിനടുത്താണ് സ്കൂൾ തുടങ്ങിയത്. അവിടെ ഒരു സത്രവും

ഉണ്ടായിരുന്നു. കുറച്ചു നാളുകൾക്കുശേഷം ആ സ്ഥലം സൗകര്യപ്രദമല്ല എന്നു കണ്ട് ഇപ്പോൾ ഹയർ സെക്കണ്ടറി സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് മാററി സ്ഥാപിച്ചു. 18 അടി വീതിയിലും 54 അടി നീളത്തിലും ഉള്ള ഒരുകെട്ടിടമായിരുന്നു ആദ്യംപണിതത്. അന്ന് മലയാളം പഠിപ്പിക്കുന്ന സ്കൂളുകൾക്ക് വെർണാക്കുലർ സ്കൂൾ എന്നാണ്പേര് നല്കിയിരുന്നത്. അങ്ങനെ കുടയത്തൂർ ഗവ. വെർണാക്കുലർ സ്കൂൾനിലവിൽ വന്നു. കിഴക്ക് പടിഞ്ഞാറ്, 54 അടി നീളത്തിൽ പണിത കെട്ടിടത്തിന് സ്ഥലം മതിയാകാത്തതിനാൽ ആ കെട്ടിടത്തിന്റെ കിഴക്കേ അററത്ത് തെക്കോട്ടു നീട്ടി ഒരു ഷെഡ്ഡുകൂടി പണിതു. മലയാളവർഷവും മാസങ്ങളുമാണ് അന്ന് നിലവിലുണ്ടായിരുന്നത്. ഇടവം ആദ്യതിങ്കളാഴ്ച സ്കൂൾവർഷം ആരംഭിക്കുകയും അവസാനവെള്ളിയാഴ്ച അവസാനിക്കുകയും ചെയ്യുമായിരുന്നു. മലയാളവർഷം 1110 നും 1114 നുംഇടയ്ക്ക് ഹെഡ്മാസ്ററർ ആയിരുന്ന കുത്താട്ടുകുളം സ്വദേശി വർഗ്ഗീസ് സാറായിരുന്നു യു. പി സ്കൂളിനുവേണ്ടി മുഖ്യമായി പരിശ്രമിച്ചത്. (അന്ന് യു.പി സ്കൂൾ ഗവ.മലയാളം മിഡിൽ സ്കൂൾ എന്നാണ്അറിയപ്പെട്ടിരുന്നത്.) അദ്ദേഹത്തിന്റെ ശ്രമഫലമായി നാട്ടുകാരുടെ സഹകരണത്തോടെ `ഒരു കെട്ടിടം പണിതു. എട്ടു ക്ളാസ്സുകൾ നടത്തുന്നതിനുള്ള സൗകര്യമാണ് ആ കെട്ടിടത്തിനുണ്ടായിരുന്നത്.കെട്ടിടം നാട്ടുകാർ പണിതു കൊടുത്താലെ സ്കൂൾ അനുവദിക്കുമായിരുന്നുള്ളൂ. പ്രൈമറി സ്കൂൾ , മിഡിൽ സ്കൂൾ ആക്കി മാററുന്നതിനും ചിലർ എതിരായിരുന്നു . പ്രൈമറിസ്കൂൾ

അധ്യാപകനാകാൻ അന്ന് ഏഴാം ക്ളാസ്സ് ജയിച്ചവർക്ക് അനുവാദമുണ്ട്. എന്നാൽ, അഞ്ചാം ക്ളാസ്സ്മുതലുള്ള സ്കൂളിൽ ഏഴാം ക്ളാസ്സുകാർക്ക് ഹെഡ്മാസ്ററർ ആകാൻ സാധിക്കുമയിരുന്നില്ല.അതിൽ ഹെഡ്മാസ്ററർ പദവി മോഹിച്ചിരുന്ന തദ്ദേശീയരായ ചില അദ്ധ്യാപകരും സ്കൂൾ അപ് ഗ്രേഡ് ചെയ്യുന്നതിനെ എതിർത്തു. സ്കൂൾ പണിക്ക് തങ്ങളുടെ പണവും പ്രയത്നവും ചെലവിടാനുള്ള മടി കൊണ്ട് നാട്ടുകാരിൽ ചിലരും ആ എതിർപ്പുകാരിൽ ഉൾപ്പെട്ടു. അന്ന് വിദ്യാലയങ്ങൾ രണ്ട് തരമുണ്ടായിരുന്നു. വെർണാക്കുലർ സ്കൂളും (പിന്നീട് മലയാളം എന്നുമാറി) ഇംഗ്ളീഷ്സ്കൂളും. ഒന്നുമുതൽനാലുവരെയുള്ള വി.പി.സ്കൂൾ (വെർണാക്കുലർ പ്രൈമറി സ്കൂൾ)അഞ്ചു മുതൽ ഏഴു വരെ മിഡിൽ സ്കൂൾ അതിനു മുകളിൽ ഒൻപതു വരെ ഹൈസ്കൂൾ. നാലാം ക്ളാസ്സിനു ശേഷം ഇംഗ്ളീഷ് സ്കൂളിൽ പ്രവേശനം നല്കും. ആദ്യത്തെഒരു വർഷം പ്രപ്പാററ്ററി ക്ളാസ്സ്. അതിനുശേഷം ഫസ്ററ്,സെക്കൻഡ്,തേർഡ്,എന്നീ ഫോറങ്ങളും.ആ സ്കൂളുകളുടെപേര് ഇംഗ്ളീഷ് മിഡിൽ സ്കൂൾ എന്നായിരുന്നു. അനന്തരം ഫോർത്ത് ,ഫിഫ്ത്ത്, സിക്സ്ത് എന്നീ മൂന്നു ഫോറങ്ങളും അന്നുണ്ടായിരുന്നു. സിക്സ്ത് ഫോറം കൊണ്ട് ഹൈസ്കൂൾ അവസാനിച്ചിരുന്നു. മലയാളവർഷം 1113 ഇവിടെ മലയാളം മിഡിൽസ്കൂൾ പൂർത്തിയായത്.ആദ്യമായി പത്തനംതിട്ട സ്വദേശി ഒരു എം.പി.വർഗീസ് സാർ ഹെഡ്മാസ്ററർ ആയി നിയമിക്കപ്പെട്ടു.1948- നോടു കൂടി സ്കൂളുകളിലെ മലയാളം

,ഇംഗ്ളീഷ് വേർതിരിവ് മാററി lower primary ,upper primary ,high school എന്നു മാത്രം പേരായി. 1951-52 ലാണ് ഹൈസ്കൂളായി ഉയർന്നത്. SSLC-യുടെ ആദ്യ ബാച്ച് 1954-ൽ പരീക്ഷ എഴുതി . H.S ആയി ഉയർത്തുന്നതിനും നാട്ടുകാർ കെട്ടിടം പണിതു നല്കണമായിരുന്നു. ഇന്നു കാണുന്ന 60 അടിനീളമുള്ള കെട്ടിടങ്ങൾ അങ്ങനെ നാട്ടുകാർ പണിതുനല്കിയതാണ്.കൊടിമരത്തിനു തൊട്ടുപുറകിൽ 80 അടിനീളത്തിലുംരണ്ടററത്തും 20 അടിനീളത്തിൽ രണ്ടു വിംഗുകളോടു കൂടിയതുമായ കെട്ടിടംസർക്കാർ പണിയിച്ചതാണ്.അതിനുവേണ്ടി അന്ന് ഹെഡ്മാസ്ററർ ആയിരുന്ന ശ്രീ. എം. എം. മാത്യുവാണ് മുൻകൈയെടുത്ത് പരിശ്രമിച്ചത്. അന്ന് തൊടുപുഴ, മൂലമററം റോഡ് സ്കൂളിന്റെ തൊട്ടുമുന്നിലൂടെയായിരുന്നു .പണ്ടുണ്ടായിരുന്ന ഇരുനിലക്കട്ടിടം പെൺകുട്ടികൾക്ക് മാത്രമായുള്ള ക്ലാസ്സ് മുറികളായി ഉപയോഗിച്ചു. ഈ വിദ്യാലയത്തിന്റെ പ്രഥമാധ്യാപകപദവിയിലുണ്ടായിരുന്നവരെല്ലാം തന്നെ ഈ സ്കൂളിന്റെ യശസ്സിനും പുരോഗതിക്കുമായി അക്ഷീണം പ്രവത്തിച്ചവരാണ്. 2000 ത്തിൽ പ്രധമാധ്യാപികയായി ഇവിടെ സേവനം അനുഷ്ടിച്ചത് ശ്രീമതി.ലീല ടീച്ചറാണ്. ഇവിടെ ഹയർ സെക്കണ്ടറി ക്ളാസ്സ് കൊണ്ടുവരാൻ മുഖ്യമായുംയത്നിച്ചത് ലീല ടീച്ചറും ഇവിടത്തെ P.T.A. യും ആണ്.1997 മുതൽ 2009 വരെയും സ്കൂളിന്റെ P.T.A.പ്രസിഡണ്ട് ശ്രീ.പി.പി.ചന്ദ്രൻ ആയിരുന്നു. ഈ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ഇവിടുത്തെ P.T.A. എക്കാലവും

ആത്മാർത്ഥമായി സഹകരിച്ചുപ്രവർത്തിക്കുന്നു.

## സ്കൂൾ അന്ന്.............

മലയാളം മിഡിൽ സ്കൂളുകളിൽ പ്രതിമാസ ഫീസ് ½ രൂപ ആയിരുന്നു. ഇംഗ്ളീഷ് സ്കൂളുകളിൽ 2 ¼ രൂപായും. ഇംഗ്ളീഷ് സ്കൂളുകളിൽ ഒന്നാം ഭാഷ ഇംഗ്ളീഷും രണ്ടാം ഭാഷ മലയാളവും ആയിരുന്നു. സ്വാതന്ത്ര്യപ്രാപ്തി വരെ ഹിന്ദി ഒരിടത്തും പാഠ്യവിഷയം ആയിരുന്നില്ല. ഇംഗ്ളീഷ് സ്കൂളുകളിൽ കുട്ടികളുടെ ഉപയോഗത്തിന് ഡസ്ക് ഉണ്ടായിരുന്നു. മലയാളം സ്കൂളുകളിൽ നിലത്താണ് കുട്ടികൾ പുസ്തകം വച്ചിരുന്നത്. വസ്ത്രധാരണരീതിയും ഇന്നത്തെതിനെക്കാൾ വളരെ വ്യത്യസ്തമായിരുന്നു. പ്രൈമറി ക്ളാസ്സുകളിൽ കുട്ടികൾ ഒരു ചെറിയ മുണ്ട് മാത്രമാണ് ധരിച്ചിരുന്നത്. പെൺകുട്ടികളുടെ വേഷവും അതു തന്നെയായിരുന്നു. നനയാതിരിക്കാൻ ഓലക്കുടയാണ് ഉപയോഗിച്ചിരുന്നത്. തീരെ ദരിദ്രരായവർ പനയോല ഉപയോഗിച്ചിരുന്നു. സ്കൂളിൽ ഉച്ചഭക്ഷണപരിപാടി ഇല്ലായിരുന്നു. സ്കൂളിൽ കുട്ടികൾ ഉച്ചഭക്ഷണം കൊണ്ടുവന്നിരുന്നത് വാഴയിലയിലോ,പാളയിലോ ആയിരുന്നു. ചുരുക്കം കുട്ടികൾക്കെ ചോററു പാത്രം ഉണ്ടായിരുന്നുള്ളു. അധ്യാപകർക്കൊ,വിദ്യാർത്ഥികൾക്കൊ ചെരുപ്പില്ലായിരുന്നു. സ്കൂളിലെ പ്രധാന

ഉത്സവം മഹാരാജാവിന്റെ പിറന്നാൾ ആയിരുന്നു. അന്ന് കുട്ടികൾ റോഡിലൂടെ മഹാരാജാവിന്റെ ചിത്രവും വഹിച്ച് ഘോഷയാത്ര നടത്തിയിരുന്നു. അതിനുശേഷം കുട്ടികൾക്ക് പലഹാരങ്ങൾ നല്കിയിരുന്നു. ജാതിയുടെയും മതങ്ങളുടേയും തീണ്ടൽ, തൊടീലുകളുടെയും ശക്തി വർധിച്ച രീതീയിൽ ആയിരുന്നു. താഴ്ന്ന ജാതിക്കാരായ കുട്ടികളെ അധ്യാപകർ സ്പർശിക്കുക പോലും ചെയ്തിരുന്നില്ല .

ഉയർന്ന ജാതിക്കാരായ കുട്ടികൾ സ്കൂൾ വിട്ടു വന്നാൽ കുളിക്കാതെ വീട്ടിൽക്കയ റാൻ അനുവദിച്ചിരുന്നില്ല. മററുജാതിക്കാരുമായുള്ള സമ്പർക്കം മൂലം അവർക്കും 'അശുദ്ധി' വരും എന്നായിരുന്നു വിശ്വാസം. അദ്ധ്യാപനരംഗത്ത് സ്ത്രീകൾ വളരെ കുറവായിരുന്നു. സാമാന്യവിദ്യാഭ്യാസം എന്നാൽ നാലാം ക്ളാസ്സ് വരെയുള്ള പഠനം എന്നായിരുന്നു അർത്ഥമാക്കിയിരുന്നത്. സാധാരണ ഉപയോഗത്തിനുള്ള ഭാഷയും കണക്കുകളും മാത്രമാണ് പഠിപ്പിച്ചിരുന്നത്. ഒരു കാലഘട്ടത്തിൽ (1950-കളിൽ) കുട്ടികൾക്ക് ഉച്ചയൂണ് നല്കുവാനായി ഒരു സംവിധാനം നിലനിന്നിരുന്നു. ഓരോ കുട്ടിയും ഒരു തീപ്പെട്ടിയിൽ കൊള്ളുന്ന അരി കൊണ്ടു വരണം. ആ അരിയെല്ലാം ഉച്ചഭക്ഷണത്തിന് പാകം ചെയ്തു നല്കിയിരുന്നു. അന്ന് അറക്കുളം,മുട്ടം,തുടങ്ങിയ പ്രദേശങ്ങളിൽ ഹൈസ്കൂൾ ഇല്ലാതിരുന്നതിനാൽ ദൂരെ നിന്നുള്ള കുട്ടികൾ പോലും കാൽനടയായി വന്ന് പഠനം നടത്തിയിരുന്നു.

## കാലാവസ്ഥ, ഭൂപ്രകൃതി.

ആനമുടി കഴിഞ്ഞാൽ ഉയരം കൂടിയത് കുടയത്തൂർ വിന്ധ്യനാണ്. മലനിരകളാലും നീലജലാശയത്താലും നയനമനോഹരമാണ് കുടയത്തൂർ. ഇവിടെ അപൂർവ്വങ്ങളായ പലതരം സസ്യജാലങ്ങളുണ്ട്. ബഷീറിന്റെ 'പാത്തുമ്മായുടെ ആട്'-ൽ കുടയത്തൂർ മലനിരകളിലെ കുറുന്തോട്ടിയെക്കുറിച്ച് പരാമർശമുണ്ട്. നാരായന്റെ കൊച്ചരേത്തിയുടെയും വന്നലയുടെയും പശ്ചാൽഭൂമിക ഇവിടം തന്നെ. മലകളിൽ നിന്നൊഴുകിയെത്തുന്ന അരുവികളും വെള്ളച്ചാട്ടങ്ങളും ആരെയും ആകർഷിക്കും. മലങ്കരജലാശയത്തിനരികിൽ സ്ഥിതി ചെയ്യുന്ന ഊ സ്കൂളിന്റെ പരിസരം കുളിർമയേറിയതാണ്.




# ഇലവീഴാപ്പൂഞ്ചിറ

കുടയത്തൂർ മലനിരമുകളിലുള്ള ഇലവീഴാപ്പൂഞ്ചിറ വിനോദസഞ്ചാരികളുടെ ആകർഷണകേന്ദ്രമാണ്. ഒരില പോലും വീഴാത്ത പൂഞ്ചിറ...... പുൽമേടുകൾക്കു നടുവിലെ പൂഞ്ചിറ...... ഇവിടെ ഒരു മരം പോലുമില്ല. തൊടുപുഴ-മൂലമററം റോഡിൽ, കാഞ്ഞാർ കവലയിൽ നിന്ന് പന്ത്രണ്ട് കി.മി. സഞ്ചരിച്ചാൽ ഈ മനോഹരഭൂമിയിലെത്തും. ഈ സ്ഥലത്തു നിന്ന് നോക്കിയാൽ ഇലവീഴാപ്പൂഞ്ചിറ കാണാം.

## ഭൗതികസൗകര്യങ്ങൾ

കംപ്യൂട്ടർ ലാബ്, സയൻസ് ലാബ് ,ലൈബ്രറി, കൗൺസിലിങ് സെൻറർ .

## പാഠ്യേതര പ്രവർത്തനങ്ങൾ

- എൻ.സി.സി.
- എൻ.എസ്.എസ്.
- ക്ലാസ് മാഗസിൻ.
- വിദ്യാരംഗം കലാ സാഹിത്യ വേദി.
- ക്ലബ്ബ് പ്രവർത്തനങ്ങൾ.
- സ് കൂൾ മാഗസിൻ.
- ലിറ്റിൽ കൈറ്റ്സ്.
- റേഡിയോ ക്ളബ്.
- ടാലന്റ് ലാബ്.



# കഥ

# തുടരുന്ന യാത്ര






മഞ്ചാടിക്കുന്നിൻെറ താഴ്വാരത്തിലൂടെ സംഗീതാരവത്തോടെ തളിരണിഞ്ഞൊഴുകുന്ന കിങ്ങിണിപ്പുഴയ്ക്ക് ഒരുപാട് കഥകൾ പറയാനുണ്ട്. ഒഴുകുന്ന വഴിയിലുടനീളമുള്ള പുല്കൊടിയോടും പൂമ്പാറ്റക്കുഞ്ഞിനോടും കഥ പറഞ്ഞാണ് എൻെറ യാത്ര. തെളിനീർ കവിഞ്ഞൊഴുകുന്ന കണ്ണാടിപ്പുഴ. പലർക്കും ജീവജലമായി കഥപറയുന്ന മുത്തശ്ശിയായി ഉല്ലാസഭരിതയായൊഴുകുന്ന സുന്ദരിപ്പുഴ. മഞ്ചാടിക്കുന്നി മുകളിലുള്ള വലിയ കുളം നിറഞ്ഞാണ് ഞാൻ ഒഴുകിയെത്തുന്നത്. എനിക്കുമുമ്പേ ഈ വഴിവന്നവരുടെ യാത്രാ ലക്ഷ്യം അനന്തമായ ആ മഹാസമുദ്രത്തിൽ തൻെറ കൂട്ടുകാരോടൊത്ത് കളിച്ചുല്ലസിക്കാൻ അവിടെ എത്തണമെന്നതായിരുന്നു. എൻെറയും ആഗ്രഹം അതുതന്നെ. കഥയും കിന്നാരവും പറഞ്ഞ്സാ വധാനം ഒഴുകിയിരുന്ന എൻെറ രൗദ്രഭാവം, എല്ലാവരുടെയും സ്നേഹത്തോടെയുള്ള ആ നോട്ടം തികച്ചും ഭയത്തോടെയുള്ള നോട്ടമാക്കി മാറ്റി. ആ നോട്ടം എപ്പോഴും എന്നെ സങ്കടത്തിലാഴ്ത്തുന്നു. വീതി കുറഞ്ഞൊഴുകിയിരുന്ന എൻെറ ഇപ്പോഴത്തെ വീതി നോക്കൂ. കരയെ പുഴയാക്കി അരികുകൾ കവർന്ന് കരകവിഞ്ഞാണ് ഇപ്പോഴത്തെ എൻെറ

യാത്ര. ഒരുപക്ഷേ നിങ്ങൾ വിചാരിക്കും കരകവിഞ്ഞുകൊണ്ടുള്ള ഈ പോക്ക് ആർത്തുപെയ്ത മഴയുടെയോ മറ്റോ ഫലമായിട്ടാണെന്ന്. എന്നാൽ അങ്ങിനെല്ല.കേട്ടോ കൂട്ടുകാരേ. ദുരാഗ്രഹികളായ മനുഷ്യസന്തതികളുടെ സ്വാർത്ഥത മൂലമാണ് ഞാൻ ഇന്നീസ്ഥിതിയിലായത്. പണക്കൊതിയന്മാരായ അവർ നിത്യേന എന്നിൽ നിന്നും മണൽ കവർന്നെടുത്തുകൊണ്ടുപോകാൻ തുടങ്ങി. മണൽ വാരി വാരി എന്റെ ആഴം വർധിച്ചു, ഒഴുക്ക് കൂടി. കടലിൽ എത്തണമെന്നുതന്നെയായിരുന്നു എന്റെ ആഗ്രഹം. എന്നാൽ പൂമ്പാറ്റക്കുഞ്ഞിന് കഥ പറഞ്ഞുകൊടുത്തും പോകുന്ന വഴിക്ക് കൂട്ടുകിട്ടുന്ന കൂട്ടുകാരുടെ കൈപിടിച്ച് പതിയെ ഉല്ലസിച്ച് അനന്തതയിലെത്തണമെന്നതുമായിരുന്നു എന്റെ പ്രാർത്ഥന. എന്നാൽ ഇനി ഞാൻ വേഗത്തിൽ അവിടെയെത്തും കഥപറയാതെ.... കൂട്ടുകൂടാതെ....

# സന്ധ്യാരാഗം .




ഉണ്ണിക്കുട്ടൻ സ്കൂൾബെൽ അടിക്കാൻ വേണ്ടി കാത്തിരുന്നു.എങ്ങനെയും ഒന്ന് വീട്ടിൽ എത്തിയാൽ മതി എന്നാണവന്. ഇന്ന് സ്കൂളിലേക്ക് വരാനേ അവന് താൽപര്യ മുണ്ടായിരുന്നില്ല. അമ്മ പറഞ്ഞുവിട്ടതാണ്. അതിന് ചെറിയൊരു പരിഭവവും ഉണ്ട്. അവന് സംശയമാണ് അമ്മയെ.ഇന്ന്ആണ് അമ്പലത്തിൽ പൂരം.പൂരം കാണാൻ എന്നെ കൂട്ടാതെ അമ്മ പോയാലോ ?രാവിലെ തന്നെ വരുന്ന വഴിക്ക് ആനയെ കണ്ടതോടെ ഉണ്ണിക്കുട്ടൻെറ ആകാംഷ ഇരട്ടിയായിരുന്നു. ഒടുവിൽ ഉണ്ണിക്കുട്ടൻെറ കാത്തിരിപ്പിന് വിരാമമിട്ട് സ്കൂള് ബെല്ലിൻെറ ശബ്ദം അവിടെയാകെ പ്രതിധ്വനിച്ചു.അവൻ പറമ്പിലൂടെ ഓടി ഗേറ്റ് തുറന്ന് അകത്ത് എത്തി .സ്കൂൾബാഗ് മേശയ്ക്കരികിൽ വെച്ച ശേഷം അവൻ അമ്മയ്ക്കരികിലേക്ക്ഓടി.അമേമ കോലായിൽ നിൽക്കുകയാണ്.അവൻ പുറകിൽ നിന്ന് ഓടി വന്ന് അമ്മയെ കെട്ടിപ്പിടിച്ചു.അമ്മ അവനെ വാരിയെടുത്ത് മടിയിൽ അമ്മേ എപ്പോഴാ പൂരം കാണാൻ പോണെ?ഉണ്ണിക്കുട്ടൻ ചോദിച്ചു. വെയിലാറട്ടെ മോനെ.അമ്മ ഉണ്ണിക്കുട്ടനെ ആശ്വസിപ്പിച്ചു.

അവൻ അമ്മയുടെ മടിയിൽ നിന്ന് ഇറങ്ങി ഉമ്മറത്ത് വന്നിരുന്നു. അവിടെ ഇരുന്നാ അങ്ങേഅപ്പുറത്ത് ഒരു വലിയ മല കാണാം. അവൻ ആമലയിലേക്ക് സൂര്യൻ ആഴ്ന്നിറങ്ങുന്നത് കാണാൻ കാത്തിരുന്നു അമ്മ അവനെ വന്ന് വിളിച്ച് ക്ഷണം കൊടുത്ത് കുളിപ്പിച്ച് പുതുവസ്ത്രം അണിയിച്ചു.എന്നിട്ട് അവൻ വീണ്ടും അവൻെറ പഴയസ്ഥലത്ത് തന്നെ വന്നിരുന്നു. ''ഈ സൂര്യൻ പോയാലേ അച്ഛൻ വരൂ.എങ്കിലേ എനിക്ക് പൂരം കാണാൻ പറ്റൂ.ഇതൊന്ന് വേഗം മറഞ്ഞിരുന്നെങ്കിൽ ഉണ്ണിക്കുട്ടൻ ആരോടെന്നില്ലാതെ പറഞ്ഞു. വീണ്ടും അവൻെറ കാത്തിരുപ്പ് നീളുകയാണ്.വെയിൽ മായാതെ അമ്മ പോകില്ല. പൂരത്തിന് നിരന്നു നിൽക്കുന്ന ആനകളും കാതടിപ്പിക്കുന്ന ചെണ്ടമേളവും എല്ലാം ഉണ്ണിക്കുട്ടൻെറ മനസ്സിനെ നിറച്ചു.ഒടുവിൽ അവൻെറ ചിന്തകളെ ഭേദിച്ച് കൊണ്ട് പൂവാലി പശു മുറ്റത്തുടെ തുള്ളികളിച്ചു. അവന് അതിൻെറ പുറകെ ഓടിക്കളിക്കണമെന്നുണ്ട്,എന്നാൽ താൻ അതിൻെറ പുറകെ പോണ നേരത്തിന് വെയിൽ മാറിയലോ? എന്ന സംശയമാണ് അവന്. അവനേ പൂവാലിയെ മറന്ന് വീണ്ടും മലയിലൂടെമുകളിലേക്ക് തന്നെ നോക്കിയിരുന്നു.തേജസോടെ നിൽക്കുകയാണ് സൂര്യൻ.

അപ്പോൾ ഗേറ്റ് തുറക്കണ ശബ്ദം കേട്ടു.അച്ഛനാണെന്ന പ്രതീക്ഷയോടെ അവൻ ഓടിവന്നു നോക്കി.എന്നാൽ അച്ഛനുപകരം അച്ഛൻെറ ഓഫീസിൽ ജോലിചെയ്യുന്ന സുകുമാരൻ അങ്കിൾ ആണ് വന്നത്.എന്താണ് കാര്യംഎന്നറിയാൻ ഉണ്ണിക്കുട്ടൻ ഓടിവന്നു.എന്നാൽ സുകുമാരേട്ടൻ തന്നെ മാറ്റിനിർത്തി അമ്മയോട്

എന്തോപറയുകയാണ്. ഉണ്ണികുട്ടൻ മലയിലേക്ക് നോക്കി ഇളംവെയിൽ മായാൻ തുടങ്ങുന്നു.ഉണ്ണിക്കുട്ടന് സന്തോഷമായി.സുകുമാരേട്ടൻ പോയി.അമ്മ പെട്ടെന്ന് ഉമ്മറത്തിണ്ണയിൽ ഇരുന്നു . ഉണ്ണിക്കുട്ടൻ ഓടി അമ്മയുടെ അടുത്തെത്തി. അമ്മ അവനെ നെഞ്ചോട് ചേർത്ത് പൊട്ടിക്കരഞ്ഞു.ഉണ്ണിക്കുട്ടന് ഒന്നും മനസ്സിലായില്ല. വീണ്ടും സുകുമാരേട്ടൻ ഗേറ്റ് തുറന്നു കയറി  വന്നു. ഇത്തവണ സുകുമാരേട്ടൻ മാത്രമായിരുന്നില്ല. കൂടെ ഓഫീസിലെ എല്ലാവരും ഉണ്ടായിരുന്നു.താഴെ ആംബുലൻസ് വന്ന് നിൽക്കണ ശബ്ദം കേട്ടു. ഉണ്ണിക്കുട്ടന് ഒന്നും മനസ്സിലായില്ല.അമ്മ തളർന്നു വീണു..............................................................

ഉണ്ണിക്കുട്ടൻ ആ നീലമലയുടെ മുകളിലേക്ക് നോക്കി. ...........സൂര്യൻ ലയിച്ച് ഇറങ്ങിയിരുന്നു അപ്പോൾ.........



# പ്രകൃതി ഭംഗികൾ


അൽഷിഫ വി.എ

മയിലാട്ടം കുന്ന് ഗ്രാമം.എന്തുകൊണ്ടും സമൃദ്ധമായൊരു ഗ്രാമം. മാനം മുട്ടുന്ന മലനിരകൾ, പാതയ്ക്കിരുവശവും പൂത്തു നിൽക്കുന്ന മനോഹരമായ പൂക്കൾ. മരച്ചില്ലകളിൽ ഊഞ്ഞാലാടിക്കളിക്കുന്ന പക്ഷികൾ. അങ്ങനെ വർണിക്കാനാവാത്ത തരം രമണീയമായ ഒരു ഗ്രാമം .താഴെ കണ്ണുനീർത്തുള്ളിപോലെ ഒഴുകുന്ന അരുവിയുടെ തീരത്തെ ഇല്ലിക്കാടുകൾക്കിടയിലാണ് അപ്പുവിൻെറ വീട്. ഒരു മുത്തശ്ശിയും, അപ്പുവും വീട്ടിൽ ഒറ്റയ്ക്കാണ് താമസം. കാക്കയും, കോഴിയും, അണ്ണാറക്കണ്ണനുമെല്ലാം അപ്പുവിൻെറ കൂട്ടുകാരാണ്. മുറ്റത്തെ മൂവാണ്ടൻ മാവിൻെറ ഇടയിലൂടെ സൂര്യപ്രകാശം വന്ന് ഉറങ്ങിക്കിടന്നിരുന്ന അപ്പുവിൻെറകണ്ണിൽ തട്ടി.അപ്പു ഞെട്ടിയുണർന്നു.ജനാലകൾ തുറന്ന് മുറ്റത്തേക്കു നോക്കി.മുറ്റത്തെ ഇളം വെയിൽ അപ്പുവിനെ നോക്കിചിരിക്കുകയായിരുന്നു. മുറ്റത്ത് പുൽത്തകിടിയിൽ പറ്റിപ്പിടിച്ചിരുന്ന തുഷാരങ്ങൾ.കാക്കയുടെ ചില കേൾക്കാം.ഇടയ്ക്കിടെ വീശുന്ന ഇളം കാറ്റിൽ മൂവാണ്ടൻ മാവിൻെറ  ഇലകൾ ഓരോന്നായി കൊഴിക്കുന്നുണ്ടായിരുന്നു. മുത്തശ്ശി മുൻ വശത്തെ ചാരു കസേരയിൽ ഇരിക്കുന്നുണ്ട്.പ്രഭാതത്തിലെ കാഴ്ചകൾ കണ്ടുകൊണ്ടിരുന്നപ്പോൾ

സമയം പോയതറിഞ്ഞില്ല.പെട്ടന്നാണ് മുത്തശ്ശിയുടെ നീട്ടിയുള്ള വിളി കേട്ടത്. മോനേ...അപ്പൂ, സമയം എത്രയായെന്നറിയ്യോ? നിനക്ക് സ്കൂളിൽ പോകണ്ടേ?അപ്പു എന്തൊക്കെയോ പിറുപിറുത്തു. അവന് ഇതൊന്നും അത്ര ഇഷ്ടമുള്ള കാര്യങ്ങളൊന്നുമല്ല. അവൻ ജനാലകളടച്ചു. കാക്കകൾ ചിലച്ചുകൊണ്ടേയിരുന്നു. അവൻ മുത്തശ്ശിയുടെ അടുത്തേക്കു ചെന്നു. മുത്തശ്ശി അവനോട് സ്കൂളിൽ പോവാനുള്ള തയ്യാറെടുപ്പുകൾ നടത്താൻ പറഞ്ഞു.അവൻ പുറകുവശത്തേക്ക് പോയി.അപ്പോഴും സൂര്യൻ ഉദിച്ചുകൊണ്ടുതന്നെ ഇരിക്കുകയായിരുന്നു.ഓരോ നിമിഷവും അത് കൂടുതൽ കൂടുതൽ വലുതായി വന്നു.അവൻ കുറേ നേരം തൻെറ മൂവാണ്ടൻ മാവിൻെറ ചുവട്ടിൽ ഇരുന്നു.കോഴിയും അണ്ണ്റക്കണ്ണനുമെല്ലാം എന്നും അവനോടൊപ്പം കൂട്ടുകൂടാനുണ്ട്.അവൻ വേഗം പോയി യൂണിഫോമിട്ട് സ്കൂളിൽ പോകാനൊരുങ്ങി.അപ്പോഴാണ് ഉണ്ണി വന്നുവിളിച്ചത്.അപ്പൂ........റെഡിയായില്ലേ? സമയം പോയി, വേഗം വാ. മുത്തശ്ശിയോട് റ്റാറ്റാ പറഞ്ഞ് അവൻ വേഗം പോയി.

ഇല്ലിക്കാടുകൾക്കിടയിലൂടെ അവൻ നടക്കാൻ തുടങ്ങി.അരുവിയിലെ കണ്ണനീരുപോലെയുള്ള വെള്ളം കുടിച്ചും, അത് അങ്ങോട്ടുമിങ്ങോട്ടും ഒഴിച്ചും അവർ നടന്നു.റോഡെത്തി.ഇരുവശത്തും വിടർന്നു നിൽക്കുന്ന സൂര്യകാന്തിപ്പൂക്കൾ.ഇളം വെയിലിൽ അവ ശോഭിക്കുന്നുണ്ടായിരുന്നു.നിവർന്നുനിൽക്കുന്ന പടുക്കൂറ്റൻ മരങ്ങൾ.ഒരു വീടിൻെറ മതിലരികിൽ നിന്ന ചെമ്പകമരം അവനെ തലോടി.നടക്കുമ്പോൾ ഇതുപോലുള്ള പല കാഴ്ചകളും കാണാം.വീട്ടിൽ നിന്ന് കുറേ ദൂരമുണ്ട് സ്കൂളിലേക്ക്. അവൻ വീണ്ടും നടന്നു, വയൽവരമ്പിലൂടെ. കർഷകർ പാടത്ത്

പണിയെടുക്കുന്നുണ്ടായിരുന്നു. കന്നിമാസത്തിലെ ചുട്ടുപൊള്ളുന്ന വെയിലിലും അവർ അധ്വാനിക്കുകയാണ്. അവരുടെ നെറ്റിയിൽനിന്നും വിയർപ്പുതുള്ളികൾ ഇറ്റിറ്റ വീഴുന്നുണ്ടായിരുന്നു.ആ ഓരോ വിയർപ്പുതുള്ളികളും അധ്വാനത്തിൻെറ വിയർപ്പു തുള്ളികളായിരുന്നു. വെയിൽ കൂടുതൽ കൂടുതൽ ശക്തമായി ക്കൊണ്ടിരുന്നു കൊക്കുകൾ വയലിറമ്പുകളിൽ തപസ്സുചെയ്യുന്നുണ്ടായിരുന്നു. നെൽക്കതിരുകൾ സൂര്യപ്രകാശത്തിൽ സ്വർണ്ണക്കതിരുകൾ പോലെ തിളങ്ങി.അതിൻെറ മനോഹാരിത അവർണ്ണനീയമായിരുന്നു. കണ്ണെത്താ ദൂരത്തോളം വിശാലമായ നെൽപാടങ്ങൾ. അതിൽ പൂത്തുലഞ്ഞുനിൽക്കുന്ന സ്വർണ്ണക്കതിരുകൾ പോലെയുള്ള നെൽക്കതിരുകളുടെ ഭംഗി ആസ്വദിക്കുന്ന തിരക്കിൽ അവർ മറ്റെല്ലാം മറന്നിരുന്നു.സ്കൂൾ എത്താറായി.മേഘങ്ങൾ വിവിധ രൂപത്തിൽ രൂപാന്തരപ്പെട്ടു.ഇളംവെയിലിൽ ആകാശത്തേക്ക് നോക്കാൻ പോലും പറ്റുന്നില്ലായിരുന്നു. മരച്ചില്ലകളിൽ അണ്ണാറക്കണ്ണൻ ചാടി ചാടി കളിക്കുന്നുണ്ടായിരുന്നു.പാടത്തിൻെറ മുകളിലൂടെ നെൽക്കതിരുകളെ നോക്കി കാക്കകൾ വട്ടമിട്ടു പറന്നുനടന്നു.സ്കൂളെത്തി.സമയം ഏറെ വൈകിയിരുന്നു.ടീച്ചർ ഒരുപാടു വഴക്കു പറഞ്ഞു.ടീച്ചർ വഴക്കുപറയുമ്പോഴും വഴിയിൽ കണ്ട ചിത്രങ്ങൾ ഓരോന്നായി മനസ്സിൽ മാറി മാറി മിന്നിത്തിളങ്ങി.ക്ലാസിൽ ടീച്ചർ പഠിപ്പിക്കുമ്പോഴും ശ്രദ്ധ വേറെ ഏതോ ഒരു ലോകത്തായിരുന്നു. സ്കൂളിൽ ഉച്ചസമയത്ത് സൂര്യൻ നേരെ മുകളിൽ വന്നു.അപ്പുവിനേയും ഉണ്ണിയേയും നോക്കി എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു.ഇളം വെയിൽ കുറച്ചുമങ്ങി.എങ്കിലും തീവ്രത ഉണ്ടായിരുന്നു.സമയം 4 മണിയായി.ഓഫീസ് റൂമിൻെറയടുത്ത് നിന്ന് നീട്ടിയുള്ള

ബെൽ കേട്ടു. അപ്പുവും ഉണ്ണിയും ഇറങ്ങി ഓടി. വീണ്ടും നടക്കാൻ തുടങ്ങി. വയൽവരമ്പിലൂടെ കുട്ടികൾ നിരനിരയായി നടന്നു.നെൽക്കതിരുകൾ അവരെ നോക്കി തലയാട്ടി.ഇടയ്ക്കിടെ ഇളംകാറ്റ് വീശി.ഇലകൾ അപ്പുവിൻെറ തലയിലൂടെ പറന്നു നടന്നു.ഒടുവിൽ വീടെത്തി. ഇല്ലിക്കാടുകൾക്കിടയിലൂടെ അവർനടന്നു വീടെത്തി. മുത്തശ്ശി അപ്പുവിനെ നോക്കി ഇരിക്കുകയായിരുന്നു. വീടെത്തിയപ്പോൾ സമയം 6 മണിയായി.ഇളംവെയിൽ മാഞ്ഞിരുന്നു.പൂമ്പാറ്റകൾ വീടിനു മുകളിലൂടെ പറന്നു നടന്നു. മൂവാണ്ടൻ മാവിലിരുന്ന് കാക്കകൾ ചിലയ്ക്കുന്നുണ്ടായിരുന്നു.അപ്പു പറഞ്ഞു: നേരം സന്ധ്യയായി.നീ നിൻെറ കൂട്ടിലേയ്ക്ക് പൊയ്ക്കോ. അതൊന്നും അവര് കാര്യമാക്കിയില്ല. തീർത്തും വെയിൽ മങ്ങിയിരുന്നു. ചെമ്മേഘം മാഞ്ഞു.സന്ധ്യയായി.മുത്തശ്ശി ഉമ്മറത്ത് വിളക്ക് വെച്ചു.എവിടെയും നിറഞ്ഞ അന്ധകാരം.കത്തിനിൽക്കുന്ന വെളിച്ചം മാത്രം.ഇളവെയിൽ മായുന്ന വൈകുന്നേരം പോലെ അത് മിന്നിത്തിളങ്ങി.ഓരോ ദിവസം കടന്നു പോയി.ഇളവെയിൽ വന്നും പോയും ദിവസങ്ങൾ കടന്നു പോയി.എണ്ണ തീർന്നിട്ടാവും വിളക്ക് കെട്ടുപോയി.അതുപോലെ രാത്രിയായപ്പോൾ ലോകത്തിന് മുഴുവൻ വെളിച്ചം കൊടുക്കുന്ന സൂര്യൻെറ എണ്ണ തീർന്നുപോയിട്ടാണോ വെയിൽ മങ്ങുന്നത്. അപ്പുവിൻെറ ചോദ്യംകേട്ട് മുത്തശ്ശി ചിരിച്ചു.ആ ചിരി വീടാകെ പടർന്നതുപോലെ അവനുതോന്നി.

അൽഷിഫ വി.എ

**IXA**

# വെയിലിൽ വിരിയുന്ന പൂക്കൾ



ചാച്ചൻ പറമ്പിലേക്കിറങ്ങിയതേയുള്ളൂ. ഇളവെയിലിൻെറ ആഗമനം എത്തുന്നതിനു മുൻപ് പോകണമെന്നത് ചാച്ചൻെറ ജീവിത ശൈലിയിൽ ഒന്നായി മാറിയിരിക്കുന്നു. ഇളം വെയിലിൻെറ കൈത്തണ്ടിൽ തിളങ്ങുന്നപുൽനാമ്പുകൾ വിരിയിക്കുന്ന പൂക്കൾ ആരെയുംആകർഷിക്കുന്നു.ചാച്ചൻ വാച്ച് കൂടെ കൊണ്ടുപൊകാറില്ല.എല്ലാം ഇളവെയിലിൽ നിന്ന് ചാച്ചൻ അറിയുന്നു. ഇളംവെയിലിൻെറ ചൂടുകൂടിയത് ഞാൻ അറിഞ്ഞില്ല. എല്ലാം ചാച്ചൻെറ കൂടെ നോക്കി നടക്കാൻ ഞാനൊന്നേയുള്ളൂ. പണ്ടുള്ളവർ പറയുമായിരുന്നു. ഇളംവെയിൽ കൊള്ളുന്നത് നല്ലതാണെന്ന് എന്ന്.എന്നാൽ ഇന്ന് പുറത്തിറങ്ങുന്നതുപോലും അപൂർവമായിത്തീർന്നിരിക്കുന്നു.ചിലപ്പോഴൊക്കെ ചാച്ചൻെറ കൂടെ ഇളംവെയിൽ കൊള്ളാൻ എൻെറ മകൻ പോകും.അപ്പോൾ എൻെറ ഭാര്യ അത് തടയാൻ നോക്കും.ഇളവെയിലിൻെറ മഹത്വത്തെക്കുറിച്ചുള്ള പഴംപുരാണങ്ങൾ കേൾക്കാൻ വയ്യാതെ അവൾ പിൻമാറും.പുതുതായ് വിരിഞ്ഞ പൂക്കൾ കാണാനാണ് അവന് കൂടുതൽ ഇഷ്ടം.ആര് എന്തുപറഞ്ഞാലും ചാച്ചൻ അവനെ പറമ്പിലേക്കു കൊണ്ടുപോകും.ഇളവെയിലിൽ തുടിക്കുന്ന കണ്ണീർത്തുള്ളികളെ പറിച്ചും അവൻ അങ്ങനെ നടന്നു.ചാച്ചൻെറ കാലശേഷംആരുംപുറത്തിറങ്ങാറില്ല.ഇളംവെയിലിനു ചൂടു കൂടുന്നതായി അവന് തോന്നി.പക്ഷേ അതിന് അവൻെറ അമ്മ അനുവാദം

നൽകിയിരുന്നില്ല.നാട്ടിൻ പുറത്തിൻെറ കവാടങ്ങളിൽ നിന്ന് അവർ അകന്നുമാറി നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടി.അവൻെറ ജീവിതം വെയിൽ വറുത്തെടുക്കുന്ന ഒരു ദിവസം തൻെറ സ്കൂളിൽ നിന്നു വരുന്ന വഴി ചുട്ടുപൊള്ളുന്ന ആ വെയിൽ തൻെറ മനോനിലയെയൊന്നു പിടിച്ചുകുലുക്കിയ തൻെറ ആഗ്രഹം വീട്ടിലെത്തിയ ഉടൻ അവതരിപ്പിച്ചു. തൻെറ ചാച്ചൻെറ അരികിലേക്കൊന്നു പോകണം. എന്തുകൊണ്ടെന്നറിയില്ല, അവർ അതിനു വഴങ്ങി നാട്ടിലേക്കു യാത്ര തിരിച്ചു. ടൗണിലെത്തയ ഉടൻ അപ്പച്ചൻ വണ്ടി വിളിച്ചു.തൻെറ തറവാട്ടിലേക്കുള്ള വഴിയോരങ്ങളിലെ മാറ്റങ്ങൾ അവനു താങ്ങാൻ കഴിഞ്ഞില്ല. പച്ചപ്പു നിറഞ്ഞിരുന്ന സ്ഥലം മരുഭൂമിയായിത്തീർന്നിരിക്കുന്നു.പൂഴിപറക്കുന്ന പാതയിലൂടെ അവൻ തൻെറവീട്ടുമുറ്റത്തെത്തി.വണ്ടിയിൽനിന്നിറങ്ങിയതുംഅവൻഎങ്ങോട്ടെന്നറിയാതെ ഓടി.തൻെറ കാൽ പൊള്ളുന്നതായി അവന് തോന്നി.അവൻ ചാച്ചൻെറ കുഴിമാടത്തിനരുകിലേക്കാണ് അവൻ ഓടിയത്. മരങ്ങൾ ഉണങ്ങി ത്തുടങ്ങി. പുഴകൾ വറ്റിത്തുടങ്ങി. ചാച്ചനുണ്ടായിരുന്നെങ്കിൽ ഇങ്ങനെയൊന്നും നടക്കുമായിരുന്നില്ല. ചുട്ടുപഴുത്ത വെയിലിൻെറ തീവ്രതയിൽ അവൻ അവിടെ വീണു. ചാച്ചൻ അവൻെറ മനസ്സിൽ പറയുന്നതായിത്തോന്നി.'ഇളവെയിൽ മായുന്ന നേരമായി'.പ്രകൃതിയുടെ ഈ അവസ്ഥ കാണാനാവാതെ അവൻെറ കണ്ണുകൾ അടഞ്ഞു എന്നന്നേക്കുമായി.

# ഇളംവെയിൽ മായും നേരം


അമൃത ബിജു

സമയം വൈകി.രാത്രിയായി.ആകാശത്ത് നക്ഷത്രങ്ങൾ തിളങ്ങി. കൂരാകൂരിരുട്ട് അതിന്റെശബ്ദം അവളുടെ കാതുകളിൽ തുളച്ചുകയറി. നേരം വൈകിയെങ്കിലും അവൾ ഉറങ്ങിയിരുന്നില്ല. അന്നത്തെ ആ സുന്ദര കാഴ്ചകൾ അവളുടെ മനസ്സിൽ ഒഴുകി നടന്നു. അവൾ പതിയെഒന്ന്പു ഞ്ചിരിക്കുന്നുണ്ടായിരുന്നു. അവൾ ആ കാഴ്ചകളിലേക്ക് കണ്ണ് ഓടിച്ചു.എത്ര സുന്ദരമായ സുന്ദരമായ പ്രകൃതി. അതിന്റ ആ ശ്യാമ സൗന്ദര്യം ആസ്വദിക്കുക സുഖകരം തന്നെ എത്രയെത്ര പക്ഷികളാണ് ആ മരത്തിൽ പാർക്കുന്നത്. ആ മഞ്ഞക്കിളി ഇപ്പോഴും അവിടെ ഉണ്ടാകുമോ? ഇങ്ങനെ ഓരോന്നോരോന്നായി അവൾ ഓർത്തോർത്ത് കിടന്നു. എന്നാൽ അതിനിടയിൽ അവൾ ഉറക്കത്തിലേക്ക് വഴുതി വീണുപോയി.

അതി രാവിലെ അവൾ എഴുന്നേറ്റു. വേഗന്ന് തന്നെ അവൾ മുറ്റത്തിലെ ആ മരക്കൊമ്പിലേക്ക് നോക്കി. അപ്പോഴും ആ മഞ്ഞക്കിളി ആ മരക്കൊമ്പിൽ തന്നെ ഉണ്ടായിരുന്നു. അതിന്റ നേർത്ത ശബ്ദം എല്ലത്തിനെയും മറി കടന്ന് അവളുടെ

ജി.എച്ച്.എസ്.എസ്.കടയത്തൂർ

ചെവിയിലെത്തി. ആ കിളി മുട്ടയിട്ട് കുഞ്ഞുങ്ങളെ വിരിയിക്കാനുള്ള തയ്യാറെടുപ്പിലാണ് എന്ന കാര്യം അപ്പോഴും അവളറിഞ്ഞിരുന്നില്ല. അൽപ സമയത്തിനു ശേഷം അവളതിനു എന്തൊക്കെയോ തീറ്റയിട്ടു നൽകി. അപ്പോളതാ അമ്മയുടെ വിളി വന്നു.

"മോളേ വാ.....വന്ന് കാപ്പി കുടിക്ക്

"ദാ വരുന്നു അമ്മേ അവൾ പറഞ്ഞു. പക്ഷികളെ നോക്കി അവ അവിടെയുണ്ടോയെന്ന് നിജപ്പെടുത്തി അവൾ അകത്തേക്ക് പോയി. പിന്നീട് അവൾ തുണിയിടുന്നതിനായി ടെറസിൽ കയറിയപ്പോഴാണ് ആ കാഴ്ച കണ്ടത്. അതാ ആ കൂട്ടിൽ മുട്ട വിരിഞ്ഞ് രണ്ടു കുഞ്ഞുങ്ങൾ. ആ കാഴ്ച അവളുടെ കൺകുളിർപ്പിക്കുന്നതായിരുന്നു. അവൾ അൽ സമയം അതിനെ തന്നെ നോക്കി നിന്നു. പിന്നെ ഓടി അമ്മയുടെ അടുക്കൽ ചെന്നു. അമ്മയോട് വിവരം പറഞ്ഞു.അപ്പോൾ അമ്മ പറഞ്ഞു,

"അത് ഞാനും കണ്ടായിരുന്നു. അത് ഉടൻ തന്നെ വിരിയും. നമുക്ക് കാത്തിരിക്കാം. എല്ലാ ദിവസവും അവൾ അതിനായി പ്രാർത്ഥിച്ചു. പിന്നീട് പക്ഷിയോട് ഒന്നും രണ്ടും പറഞ്ഞ് അവിടെ ഇരിക്കും. ഒരിക്കൽ അവൾ രാവിലെ പക്ഷിക്കുഞ്ഞുങ്ങളുടെ കരച്ചിൽ കേട്ടു. അവളെഴുന്നേറ്റ് ഓടി മരച്ചുവട്ടിലെത്തി. അപ്പോളതാ അമ്മക്കിളി മക്കളെ താലോലിക്കുന്നു. അവൾ ഏറെ സന്തോഷിച്ചു. തുള്ളിച്ചാടി. പിന്നീട് എല്ലായ്പ്പോഴും അവൾ അതിനെ നിരീക്ഷിച്ചു. കുറച്ചു ദിവസങ്ങൾക്കു ശേഷം അവ പറക്കാനുള്ള ശ്രമം നടത്താൻ തുടങ്ങി. അമ്മക്കിളി അതിനെ പ്രോത്സാഹിപ്പിക്കുന്നുമുണ്ടായിരുന്നു. ശ്രമങ്ങൾക്കവസാനം അവ പറക്കാൻ

തുടങ്ങി. അവൾ എന്നും അതിന് തീറ്റ നൽകും. കുറച്ച  മാസങ്ങൾക്ക ശേഷം അവ ദൂര ദേശത്തേക്ക് പറന്നകന്നു. അവൾ അതീവ ദുഃഖിതയായി. എങ്കിലും ആ സുന്ദര അനുഭവങ്ങൾ അവളിൽ സന്തോഷം പകർന്നു. വെയിൽ മാഞ്ഞു. രാത്രിയുടെ അഗാധതയിൽ  അവൾ ഓർമ്മകളിൽ ഉറങ്ങി.

അമൃത ബിജു
**VIII A**

## അത്യാഗ്രഹം ആപത്ത്



ഒരു നല്ല രാജ്യത്തിൽ ഒരു നിഷ്കളങ്കമായ രാജാവുണ്ടായിരുന്നു. ആ രാജാവ് ചെറുപ്പക്കാരനായിരുന്നു. ആ രാജാവിന് നഗരത്തിലെ ഒരു പെൺക്കുട്ടിയെ പ്രേമിച്ച് കല്ല്യാണം കഴിക്കണമെന്നായിരുന്നു ആഗ്രഹം. എന്നാൽ രാജാവ് വിച്ചാരിക്കുന്ന പെൺക്കുട്ടിയെ അദ്ദേഹം എവിടെയും കണ്ടില്ല. അങ്ങനെ ആ രാജാവ് നഗരത്തിലെ കവാടങ്ങൾ തുറന്ന് ഗ്രാമപ്രദേശങ്ങളിലേക്ക് യാത്ര പോകാൻ തീരമാനിച്ചു. സാധുജനങ്ങളോട് കരുണകാണിക്കുന്ന രാജാവ് അയൽ ഗ്രമത്തിൽ പോകുകയും അവിടുത്തെ ജനങ്ങൾക്ക് വേണ്ടത്ര സഹായം ചെയ്യുകയും ചെയ്തു. അപ്പോഴാണ് അവിടെ ഒരുപെൺക്കുട്ടിയെ രാജാവ് കണ്ടുമുട്ടിയത്. അവർ തമ്മിൽ പ്രേമിച്ച് വിവാഹം കഴിക്കുകയും ചെയ്തു. പെൺക്കുട്ടിയുടെ പേരാണ് ലക്ഷ്മി. രാജാവായ അരോമൽതമ്പുരാനും ലക്ഷ്മിയും നഗരത്തിലെ കൊട്ടാരത്തിലേക്ക് പോയി. കുറച്ച വർഷങ്ങൾക്കുശേഷം അവർക്ക് രണ്ടു അൺക്കുട്ടികൾ പിറന്നു. രാജക്കുമാരൻ അഭിമന്യുവും അർജ്ജുനനും. കുട്ടികൾ വല്യതായി സമർത്ഥനായ വീരൻമാരായി. രാജാവാകണമെന്ന ആഗ്രഹത്താൽ ഇരുവരും പുതിയപഠനങ്ങൾ നടത്തി. എന്നാൽ

പിന്നിട് രാജക്കുമാരൻ അഭിമന്യൂ രാജാവാകണം എന്ന ആഗ്രഹത്തിനു പകരം പണം എങ്ങനെ സമ്പാദിക്കാം എന്ന ചിന്തയിലേക്ക് പോയി. പണത്തിനു വേണ്ടി അവൻ എന്തും ചെയ്യും . ഒരുനാൾ രാജക്കൊട്ടാരത്തിലെ സൈന്യാധിപകൻ കുമാരനോട് രാജ്യത്തിന്റെ അതിർത്തിവിട്ട് നഗരകവാടങ്ങളിലേക്ക് അവൻ യാത്ര ചെയ്തു. നഗരക്കവാടങ്ങൾ തേടിയും പണത്തോടുള്ള അത്യാർത്തിമൂലം അവൻ യാത്ര ചെയ്തു. ദിവസങ്ങൾ കഴിഞ്ഞു രാജാവും റാണിയും രാജക്കുമാരനെ അന്വേഷക്കാൻ ഭടമാരെ അയച്ചു. ദിവസങ്ങൾ കഴിഞ്ഞു. നഗരക്കവാടങ്ങൾ തേടി പണത്തിനായും അവൻ അയൽ രാജ്യങ്ങളിൽ പോയി .ഒരു ദിവസംരാജ്യഭടൻമാർ ഇവനെ കണ്ടുമുട്ടുകയും വളരെ പ്രയാസത്തോടെ അവനെ രാജ്യത്തോക്ക് കൊണ്ടുപോകുകയും ചെയ്തു. രാജ്യത്തിൽ എത്തിയപ്പോൾ മാതാപിതാക്കൾ അവനെ ചെന്ന് വാരിപുണർന്നു. സങ്കടത്താൽ അമ്മ അഭിമന്യുവിനെ ശിക്ഷിക്കുകയും ചെയ്തു. പിന്നിട് അവൻ താൻ ചെയ്ത തെറ്റുകൾ മനസ്സിലാക്കി അതിനുപ്രത്യുപകാരമായി പണത്തോടുള്ള അത്യഗ്രഹം ഉപേക്ഷിച്ച് രാജ്യസേവനങ്ങൾ ചെയ്തും മാതൃരാജ്യത്തെ സ്നേഹിച്ചും അവിടെ ജീവിച്ചു.

അഭിരാമി ടി.ബി

ക്ലാസ് 7

# മയിലാട്ടം കുന്നിന്റെ ഭംഗികൾ



മയിലാട്ടം കുന്ന് ഗ്രാമം.എന്തുകൊണ്ടും സമൃദ്ധമായൊരു ഗ്രാമം.മാനം മുട്ടുന്ന മലനിരകൾ, പാതയ്ക്കിരുവശവും പൂത്തുനിൽക്കുന്ന മനോഹരമായ പൂക്കൾ. .മരച്ചില്ലകളിൽ ഊഞ്ഞാലാടിക്കളിക്കുന്ന പക്ഷികൾ. അങ്ങനെ വർണിക്കാനാവാത്ത തരം രമണീയമായ ഒരു ഗ്രാമം. താഴെ കണ്ണുനീർത്തുള്ളി പോലെഒഴുകുന്നഅരുവിയുടെ തീരത്തെ ഇല്ലിക്കാടുകൾക്കിടയിലാണ് അപ്പുവിൻെറ വീട്.ഒരു മുത്തശ്ശിയും,അപ്പുവും വീട്ടിൽഒറ്റയ്ക്കാണ് താമസം. കാക്കയും,കോഴിയും, അണ്ണാറക്കണ്ണനുമെല്ലാം അപ്പുവിൻെറ കൂട്ടുകാരാണ്.മുറ്റത്തെ മൂവാണ്ടൻമാവിൻെറ ഇടയിലൂടെ സൂര്യപ്രകാശം വന്ന് ഉറങ്ങിക്കിടന്നിരുന്ന അപ്പുവിൻെറ കണ്ണിൽ തട്ടി.അപ്പു ഞെട്ടിയുണർന്നു.ജനാലകൾ തുറന്ന് മുറ്റത്തേക്കു നോക്കി.മുറ്റത്തെ ഇളം വെയിൽ അപ്പുവിനെ നോക്കി ചിരിക്കുകയായിരുന്നു.മുറ്റത്ത് പുൽത്തകിടിയിൽ പറ്റിപ്പിടിച്ചിരുന്ന തുഷാരങ്ങൾ.കാക്കയുടെ ചില കേൾക്കാം.ഇടയ്ക്കിടെ വീശുന്ന ഇളം കാറ്റിൽ മൂവാണ്ടൻ മാവിൻെറ ഇലകൾ ഓരോന്നായി കൊഴിക്കുന്നുണ്ടായിരുന്നു. മുത്തശ്ശി മുൻ വശത്തെ ചാരു കസേരയിൽ ഇരിക്കുന്നുണ്ട്.പ്രഭാതത്തിലെ കാഴ്ചകൾ കണ്ടുകൊണ്ടിരുന്നപ്പോൾ സമയം പോയതറിഞ്ഞില്ല.പെട്ടന്നാണ് മുത്തശ്ശിയുടെ നീട്ടിയുള്ള വിളി കേട്ടത്.

ജി.എച്ച്.എസ്.എസ്.കടയത്തൂർ

മോനേ...അപ്പൂ, സമയം എത്രയായെന്നറിയ്യോ? നിനക്ക് സ്കൂളിൽ പോകണ്ടേ? അപ്പു എന്തൊക്കെയോ പിറുപിറുത്തു. അവന് ഇതൊന്നും അത്ര ഇഷ്ടമുള്ള കാര്യങ്ങളൊന്നുമല്ല. അവൻ ജനാലകളടച്ചു. കാക്കകൾ ചിലച്ചുകൊണ്ടേയിരുന്നു. അവൻ മുത്തശ്ശിയുടെ അടുത്തേക്കു ചെന്നു.മുത്തശ്ശി അവനോട് സ്കൂളിൽ പോവാനുള്ള തയ്യാറെടുപ്പുകൾ നടത്താൻ പറഞ്ഞു.അവൻ പുറകുവശത്തേക്ക് പോയി.അപ്പോഴും സൂര്യൻ ഉദിച്ചുകൊണ്ടുതന്നെ ഇരിക്കുകയായിരുന്നു.ഓരോ നിമിഷവും അത് കൂടുതൽ കൂടുതൽ വലുതായി വന്നു.അവൻ കുറേ നേരം തൻെറ മൂവാണ്ടൻ മാവിൻെറ ചുവട്ടിൽ ഇരുന്നു.കോഴിയും അണ്ണാറക്കണ്ണനുമെല്ലാം എന്നും അവനോടൊപ്പം കൂട്ടുകൂടാനുണ്ട്.അവൻ വേഗം പോയി യൂണിഫോമിട്ട് സ്കൂളിൽ പോകാനൊരുങ്ങി.അപ്പോഴാണ് ഉണ്ണിവന്നു.വിളിച്ചത് അപ്പൂ........റെഡിയായില്ലേ? സമയം പോയി, വേഗം വാ. മുത്തശ്ശിയോട് റ്റാറ്റാ പറഞ്ഞ് അവൻ വേഗം പോയി.ഇല്ലിക്കാടുകൾക്കിടയിലൂടെ അവൻ നടക്കാൻ തുടങ്ങി.അരുവിയിലെ കണ്ണീരുപോലെയുള്ള വെള്ളം കുടിച്ചും, അത് അങ്ങോട്ടുമിങ്ങോട്ടും ഒഴിച്ചും അവർ നടന്നു.റോഡെത്തി.ഇരുവശത്തും വിടർന്നു നിൽക്കുന്ന സൂര്യകാന്തിപ്പൂക്കൾ. ഇളം വെയിലിൽ അവ ശോഭിക്കുന്നുണ്ടായിരുന്നു.നിവർന്നുനിൽക്കുന്ന പട്ടുകുറ്റൻ മരങ്ങൾ.ഒരു വീടിൻെറ മതിലരികിൽ നിന്ന ചെമ്പകമരം അവനെ തലോടി.നടക്കുമ്പോൾ ഇതുപോലുള്ള പല കാഴ്ചകളും കാണാം.വീട്ടിൽ നിന്ന് കുറേ ദൂരമുണ്ട്സ്കൂളിലേക്ക്. അവൻ വീണ്ടും നടന്ന, വയൽവരമ്പിലൂടെ. കർഷകർ പാടത്ത്പണിയെടുക്കുന്നുണ്ടായിരുന്നു. കന്നിമാസത്തിലെ ചുട്ടു പൊള്ളുന്ന വെയിലിലും അവർ

അധ്വാനിക്കുകയാണ്.അവരുടെ നെറ്റിയിൽനിന്നും വിയർപ്പുതുള്ളികൾ ഇറ്റിറ്റ് വീഴുന്നുണ്ടായിരുന്നു.ആ ഓരോ വിയർപ്പുതുള്ളികളും അധ്വാനത്തിൻെറ വിയർപ്പുതുള്ളികളായിരുന്നു.വെയിൽ കൂടുതൽ കൂടുതൽ ശക്തമായിക്കൊണ്ടിരുന്നു. കൊക്കുകൾ വയലിറമ്പുകളിൽ തപസ്സ് ചെയ്യുന്നുണ്ടായിരുന്നനെൽക്കതിരുകൾ സൂര്യപ്രകാശത്തിൽ സ്വർണ്ണക്കതിരുകൾ പോലെ തിളങ്ങി.അതിൻെറ മനോഹാരിത അവർണ്ണനീയമായിരുന്നു.കണ്ണെത്താ ദൂരത്തോളം വിശാലമായ നെൽപാടങ്ങൾ.അതിൽ പൂത്തുലഞ്ഞുനിൽക്കുന്ന സ്വർണ്ണക്കതിരുകൾ പോലെയുള്ള നെൽക്കതിരുകളുടെ ഭംഗി ആസ്വദിക്കുന്ന തിരക്കിൽ അവർ മറ്റെല്ലാം മറന്നിരുന്നു. സ്കൂൾ എത്താറായി. മേഘങ്ങൾ വിവിധ രൂപത്തിൽ രൂപാന്തരപ്പെട്ടു.ഇളംവെയിലിൽ ആകാശത്തേക്ക് നോക്കാൻപോലും പറ്റുന്നില്ലായിരുന്നു. മരച്ചില്ലകളിൽ അണ്ണാറക്കണ്ണൻ ചാടി ചാടി കളിക്കുന്നുണ്ടായിരുന്നു.പാടത്തിൻെറ മുകളിലൂടെ നെൽക്കതിരുകളെ നോക്കി കാക്കകൾ വട്ടമിട്ട് പറന്നുനടന്നു.സ്കൂളെത്തി.സമയം ഏറെ വൈകിയിരുന്നു.ടീച്ചർ ഒരുപാട് വഴക്ക് പറഞ്ഞു.ടീച്ചർ വഴക്കുപറയുമ്പോഴും വഴിയിൽ കണ്ട ചിത്രങ്ങൾ ഓരോന്നായി മനസ്സിൽ മാറി മാറി മിന്നിത്തിളങ്ങി.ക്ലാസിൽ ടീച്ചർ പഠിപ്പിക്കുമ്പോഴും ശ്രദ്ധ വേറെ ഏതോ ഒരു ലോകത്തായിരുന്നു. സ്കൂളിൽ ഉച്ചസമയത്ത് സൂര്യൻ നേരെ മുകളിൽ വന്നു.അപ്പുവിനേയും ഉണ്ണിയേയും നോക്കി എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. ഇളം വെയിൽ കുറച്ചുമങ്ങി.എങ്കിലും തീവ്രത ഉണ്ടായിരുന്നു.സമയം 4 മണിയായി.ഓഫീസ് റൂമിൻെറയടുത്ത് നിന്ന് നീട്ടിയുള്ള ബെൽ കേട്ടു.അപ്പുവും ഉണ്ണിയും ഇറങ്ങി ഓടി.വീണ്ടും നടക്കാൻ

തുടങ്ങി.വയൽവരമ്പിലൂടെ കുട്ടികൾ നിരനിരയായി നടന്നു.നെൽക്കതിരുകൾ അവരെ നോക്കി തലയാട്ടി.ഇടയ്ക്കിടെ ഇളംകാറ്റ് വീശി.ഇലകൾ അപ്പുവിൻെറ തലയിലൂടെ പറന്നു നടന്നു.ഒടുവിൽ വീടെത്തി.ഇല്ലിക്കാടുകൾക്കിടയിലൂടെ അവർ നടന്നു വീടെത്തി.

മുത്തശ്ശി അപ്പുവിനെ നോക്കി ഇരിയ്ക്കുകയായിരുന്നു. വീടെത്തിയപ്പോൾ സമയം 6 മണിയായി. ഇളംവെയിൽ മാഞ്ഞിരുന്നു.പൂമ്പാറ്റകൾ വീടിനുമുകളിലൂടെ പറന്നുനടന്നു. മൂവാണ്ടൻ മാവിലിരുന്ന് കാക്കകൾ ചിലയ്ക്കുന്നുണ്ടായിരുന്നു. അപ്പു പറഞ്ഞു: നേരം സന്ധ്യയായി.നീ നിൻെറ കൂട്ടിലേയ്ക്ക് പൊയ്ക്കോ.അതൊന്നും അവര് കാര്യമാക്കിയില്ല. തീർത്തും വെയിൽ മങ്ങിയിരുന്നു. ചെമ്മേഘം മാഞ്ഞു.സന്ധ്യയായി.മുത്തശ്ശി ഉമ്മറത്ത് വിളക്ക് വെച്ചു.എവിടെയും നിറഞ്ഞ അന്ധകാരം. കത്തിനിൽക്കുന്ന വെളിച്ചം മാത്രം . ഇളവെയിൽ മായുന്ന വൈകുന്നേരം പോലെ അത് മിന്നിത്തിളങ്ങി. ഓരോ ദിവസം കടന്നു പോയി.ഇളവെയിൽ വന്നും പോയും ദിവസങ്ങൾ കടന്നു പോയി.എണ്ണ തീർന്നിട്ടാവും വിളക്ക് കെട്ടുപോയി.അതുപോലെ രാത്രിയായപ്പോൾ ലോകത്തിന് മുഴുവൻ വെളിച്ചംകൊടുക്കുന്ന സൂര്യൻെറ എണ്ണ തീർന്നുപോയിട്ടാണോ വെയിൽ മങ്ങുന്നത്.അപ്പുവിൻെറ ചോദ്യംകേട്ട് മുത്തശ്ശി ചിരിച്ചു.ആ ചിരി വീടാകെ പടർന്നതുപോലെ അവനുതോന്നി.



ദേവിക സിബി

ജി.എച്ച്.എസ്.എസ്.കടയത്തൂർ

# ദയാലുവായ പെൺകുട്ടി




5-ാം ക്ലാസിലെ ഏറ്റവും മിടുക്കിയായ കുട്ടിയാണ് അമ്മു.എല്ലാ കാര്യത്തിലും മുൻപിൽ.കളിയിലും പഠനത്തിലുമെല്ലാം.അദ്ധ്യാപകർ എന്ത് ചോദ്യം ചോദിച്ചാലും ചാടിയെണീറ്റ് ഉത്തരം പറയുമായിരുന്നു.അതുകൊണ്ടുതന്നെ അവളെ എല്ലാ അദ്ധ്യാപകർക്കും വലിയകാര്യമായിരുന്നു.ഇതു കാണുമ്പോൾ ക്ലാസിലെ കുട്ടികൾ പറയും വലിയ കേമത്തിയാണെന്നാണ് വിചാരം.അവളെ മാത്രം എല്ലാവരും സ്നേഹിക്കുന്നതുകൊണ്ട് ക്ലാസിൽ ആരും അവളോട് മിണ്ടിയില്ല.അവൾ ഒറ്റയ്ക്കാണ്.അവളെ അത് വളരെയധികം വിഷമിപ്പിച്ചിരുന്നു.അവൾ അത് അദ്ധാപകരോട് പറയും.അപ്പോൾ അവർ പറയും,ഇപ്പോൾ നിന്നെ അകറ്റി നിർത്തുന്ന കുട്ടികൾ ഒരിക്കൽ നിന്നെ ചേർത്തുപിടിക്കും എന്ന്.അപ്പോൾ അവൾക്ക് കുറച്ച് ആശ്വാസം ലഭിക്കും.അവളുടെ സ്കൂളിനു പിന്നിലുള്ള ഒരു മരച്ചുവട്ടിൽ വയസ്സായ ഒരു മനുഷ്യനുണ്ട്.സ്വന്തം മക്കൾക്കു പോലും വേണ്ടാതെ ഇറക്കിവിട്ടതാണ്.അവൾ ആ സ്കൂളിൽ വന്നു ചേർന്ന അന്ന് ഉച്ചയ്ക്ക് ചോറുണ്ണാൻ വിട്ടപ്പോൾ ഒരു പാട്ടുകേട്ടാണ് അവൾ അങ്ങോട്ടു ചെന്നത്.നോക്കിയപ്പോൾ ഒരു വയസ്സനായ മനുഷ്യൻ ഇരുന്നു പാടുന്നു.അവൾ അയാളുടെ അടുത്തു ചെന്നു. എന്നിട്ട് അയാളോടു ചോദിച്ചു. അപ്പൂപ്പൻ

വല്ലതും കഴിച്ചോ? അയാൾ പറഞ്ഞു;"അഞ്ചാറു ദിവസമായി വല്ലതും കഴിച്ചിട്ട്. കഷ്ടപ്പെട്ട് പാട്ടുപാടി കിട്ടുന്ന രൂപയുമായി കടകളിൽ ചെല്ലുമ്പോൾ അവർ ആട്ടിപ്പായിക്കുകയാണ്.വൃത്തിയും വെടുപ്പുമില്ലാതെ ഭക്ഷണം കഴിക്കാനായി കയറിവന്നിരിക്കുന്നു.നിങ്ങളെക്കണ്ടാൽ പിന്നെ എന്റെ കടയിൽ വേറെ ആരും വരില്ല.എന്റെ കടയിലെ ആകെയുള്ള വരുമാനവും നിങ്ങൾ നഷ്ടപ്പെടുത്തും."ഇങ്ങനെ തന്നെയാണ് എല്ലാവരും പറയുന്നത്.അയാൾ ഇതു പറഞ്ഞു കഴിഞ്ഞതും അമ്മു പൊട്ടിക്കരയാൻ തുടങ്ങി.അപ്പോൾ അയാൾ ചോദിച്ചു;'മോളെന്തിനാണ് കരയുന്നത്?'അപ്പോൾ അമ്മു പറഞ്ഞു;'അപ്പൂപ്പന്റെ കാര്യങ്ങൾ കേട്ടപ്പോൾ എനിക്ക് സങ്കടം വന്നിട്ടാണ് .അപ്പൂപ്പൻ ഇത് കഴിച്ചോളൂ....എന്ന് പറഞ്ഞ് ഉച്ചയ്ക്ക് അവൾ കഴിക്കാനായി അമ്മ കൊടുത്തുവിട്ടിരുന്ന ചോറും കറിയും കൊടുത്തു.അയാൾ ചോദിച്ചു.മോൾക്ക് ചോറ് വേണ്ടേ?ഞാൻ ദിവസവും കഴിക്കുന്നതാണ്.ഒരു നേരം കഴിച്ചില്ലെന്നു കരുതി എനിക്ക് ഒന്നും സംഭവിക്കില്ല.പക്ഷെ അഞ്ചാറു ദിവസമായി ഒന്നും കഴിക്കാത്ത അപ്പൂപ്പൻ എന്തെങ്കിലും കഴിക്ക്,എന്നു പറഞ്ഞ് ആ ചോറ് അയാൾക്ക് കൊടുത്തു.പിന്നീട് എല്ലാ ദിവസവും അവൾ രാവിലെയും ഉച്ചയ്ക്കും അയാൾക്ക് ഭക്ഷണം കൊണ്ടുവന്ന് കൊടുത്തു.ആ സമയം അവിടുത്തെ കുട്ടികളെല്ലാം അവളെ കളിയാക്കുമായിരുന്നു.പക്ഷെ അവൾ അതൊന്നും കാര്യമാക്കാറില്ലായിരുന്നു.

ഒരു തിങ്കളാഴ്ച രണ്ടു ദിവസം അവധിക്കു ശേഷം അവൾ സ്കൂളിലേക്കു പോകുന്ന വഴി,അവളുടെ കൂടെ പഠിക്കുന്ന ലക്ഷ്മി റോഡിൽ ഒന്നു വീണു.പക്ഷേ അവളുടെ കൂടെയുണ്ടായിരുന്ന കൂട്ടുകാർ അവളെ നോക്കി കളിയാക്കി. ഇതു കണ്ടുനിന്ന അമ്മു

ഓടിച്ചെന്ന് ലക്ഷ്മിയെ പിടിച്ചെണീപ്പിച്ചു.എന്നിട്ട് അവളുടെ ദേഹത്തു പറ്റിയ ചെളി മുഴുവൻ തുടച്ചു കളഞ്ഞു. എന്നിട്ട് അവളോടു ചോദിച്ചു;'ലക്ഷ്മി നിനക്കു വല്ലതും പറ്റിയോ'?അവൾ 'ഇല്ല' എന്ന് ഉത്തരം പറഞ്ഞു.എന്നാൽ കുറച്ചു കഴിഞ്ഞ് അമ്മു അവളുടെ കാലിൽ നോക്കിയപ്പോൾ കാൽ മുട്ട് ചെറുതായി മുറിഞ്ഞതായി കണ്ടു.കൈയിൽ നോക്കിയപ്പോൾ കൈയും ചെറുതായി മുറിഞ്ഞിരുന്നു.അവൾ പെട്ടന്ന് ലക്ഷ്മിയേയും കൊണ്ട് സ്കൂളിലേക്ക് പോയി.എന്നിട്ട് ക്ലാസ് ടീച്ചറോട് കാര്യം പറഞ്ഞു.ടീച്ചർ അവൾക്ക് മരുന്ന് വച്ചു കൊടുത്തു.എന്നിട്ട് അവളോട് പറഞ്ഞു.;'മോളേ ലക്ഷ്മി നിൻെറ ക്ലാസിൽ ഏറ്റവും നന്നായി പഠിക്കുന്ന ഇവളെ നിങ്ങൾ ഒരുമിച്ചുചേർത്ത് കളിയാക്കുകയും പ്രോത്സാഹിപ്പിക്കാതെ കുറ്റപ്പെടുത്തുകയും മാത്രമല്ലേ ചെയ്തിട്ടുള്ളു.എന്നിട്ട് നീയൊന്നു വീണപ്പോൾ നിന്നെ സഹായിക്കാനായി ന്നൻെറ ഉറ്റ ചങ്ങാതിമാർ ആരെങ്കിലും ഉണ്ടായിരുന്നോ?'ടീച്ചർ ഇത്രയും പറഞ്ഞ് നിർത്തിയപ്പോൾ അവൾ പൊട്ടിക്കരഞ്ഞു.എന്നിട്ട് ടീച്ചറോട് പറഞ്ഞു;'ടീച്ചർ ഇപ്പോൾ എനിക്കെൻെറ തെറ്റ് മനസ്സിലായി.നമ്മളെ ശരിക്കും സ്നേഹിക്കുന്ന ആളുകളെ നമ്മൾ വെറുക്കുകയും കപടസ്നേഹം പ്രകടിപ്പിക്കുന്ന ആളുകളെ നമ്മൾ കൂടെ കൊണ്ടു നടക്കുകയും ചെയ്യുന്നു.എനിക്കും സംഭവിച്ചത് ഇതതന്നെയാണ്''അവൾ അമ്മുവിനോട് ചോദിച്ചു.അമ്മു ലക്ഷ്മിയെ കെട്ടിപ്പ്ടിച്ചു.എന്നിട്ട് ലക്ഷ്മിയോടു പറഞ്ഞു.;'നീ എന്നോട് കൂട്ടു കൂടിയല്ലോ?എനിക്ക് അതു മതി'.അങ്ങനെ അന്നു മുതൽ അവർ നല്ല കൂട്ടുകാരായി.പിന്നീടുള്ള ദിവസങ്ങളിൽ അവർ ഇരുവരും കൂട്ടുകൂടിയാണ് ആ അപ്പൂപ്പന് ഭക്ഷണം കൊടുത്തുകൊണ്ടിരുന്നത്.കുറച്ചു ദിവസങ്ങൾക്കു ശേഷം,ടീച്ചർ ഒരു ക്ലാസ് ടെസ്റ്റ് നടത്തി.അതിൽ മുഴുവൽ മാർക്ക് ലഭിച്ച രണ്ടുപേരായിരുന്നു ആ ക്ലാസിൽ

ഉണ്ടായിരുന്നത്.അത് അമ്മുവും ലക്ഷ്മിയും ആയിരുന്നു.ആ മാർക്ക് ലക്ഷ്മിക്ക് കിട്ടിയത് അമ്മുവിൻെറ കൂടെ കൂടിയതിൽ പിന്നെയാണ്.അത് മനസ്സിലാക്കിയ കുട്ടികൾ പിന്നീട് പതിയെ പിതിയെ അവളോട് മിണ്ടിത്തുടങ്ങി.അതിൽ അവൾ അത്യധികം സന്തോഷിച്ചു.പിറ്റേ ദിവസം എന്നത്തെയും പോലെ ഉച്ചക്ക് അപ്പൂപ്പന് ചോറു കൊടുക്കാനായി ആ മരത്തിനരികിൽ ചെന്നു.എന്നാൽ അയാളെ അവിടെയെങ്ങും കണ്ടില്ല.അവർ അവിടെ കറേ അന്വേിച്ചു.അപ്പോഴാണ് സ്കൂളിലെ ചുറ്റുമതിലിനരികിൽ ചെന്നു നോക്കിയപ്പോൾ അയാൾ അവിടെ മരിച്ചു കിടക്കുന്നത് കണ്ടത്.നാട്ടുകാർ ഈ കാഴ്ചയും കണ്ട് നിന്നു.ഇതു കണ്ടു നിന്ന നാട്ടുകാരോട് ശബ്ദമുയർത്തി അമ്മു പറഞ്ഞു;'ഇവിടെ ഇതു കണ്ടുകൊണ്ടു നിൽക്കുന്ന ഓരോരുത്തരുടെയും വീട്ടിൽ ഇതു പോലെ തന്നെ വൃദ്ധരായ ആളുകൾ കാണില്ലേ?അവർ മരിക്കുമ്പോൾ നിങ്ങൾ ഇതുപോലെ നോക്കി നിൽക്കുമോ'?അപ്പോഴേക്കും അവളുടെ സ്കൂളിലെ എല്ലാ അധ്യാപകരും കുട്ടികളും എല്ലാം അവിടേക്കു വന്നു.അമ്മു പറയുന്നത് കേട്ടപ്പോൾ അവർക്ക് വല്ലാത്ത വിഷമം തോന്നി. ലക്ഷ്മിയും കൂട്ടുകാരും ഇതുകണ്ട് അമ്മുവിൻെറ അടുത്തേക്ക് ചെന്നു. എന്നിട്ട് അവളെ ചേർത്തുപിടിച്ചു.എന്നിട്ട് അവർ അവളെ വിളിച്ചു.ഇത്രയും സംഭവം നടന്നു കഴിഞ്ഞതിനു ശേഷമാണ് ഒരാൾ ആൾക്കൂട്ടം കണ്ട് ഓടി വന്ന് നോക്കിയത്. അയാൾക്ക് ആ വൃദ്ധയെ കണ്ടപ്പോൾ വലിയ വിഷമം തോന്നി. അല്പസമയത്തിനുള്ളിൽ അമ്മുവിന്റെ ശബ്ദം വീണ്ടുമുയർന്നു. അപ്പോൾ അയാളുടെ ശ്രദ്ധ അങ്ങോട്ട്തിരിഞ്ഞു. നോക്കിയപ്പോൾ കണ്ടത് തന്റെ മകളായ അമ്മുവിനെയാണ്. അയാൾ ഓടിച്ചെന്ന് അമ്മുവിനെ തിരിച്ചു നിർത്തി. എന്നിട്ട് അമ്മു

എന്നെ വിളിച്ചു. അവൾ വേഗം തലയുയർത്തി നോക്കി. അപ്പോൾ അവൾ കണ്ടത് അവളുടെ അച്ഛനെയാണ്. അവൾ അച്ഛനെ കെട്ടിപ്പിടിച്ചു എന്നിട്ട് നടന്നതു മുഴുവൻ അവൾ അച്ഛനോട് പറഞ്ഞു . വൃദ്ധയായ ആ പാവം മനുഷ്യനെ വീട്ടിൽ നിന്നും ഇറക്കിവിട്ടതും അങ്ങനെ എല്ലാം അവൾ അച്ചനൊടു പറഞ്ഞു.ഇപ്പ പറയുന്നതിനിടയ്ക്കും അവൾ കരയുന്നുണ്ടായിരുന്നു.അപ്പോൾ അച്ചൻ അവളുടെ തോളത്തുതട്ടി പറഞ്ഞു;മോളേ നീയാണ് ഈ നാടിൻെറ അഭിമാനം.അമ്മു ഇതു കേൾക്കാൻ നിൽക്കാതെ അഛനോടു പറഞ്ഞു.നമുക്ക് അപ്പൂപ്പൻെറ വീട്ടിൽ പോകണം.എന്നിട്ട് അവരോട് ഒരു കാര്യം പറയണം.മനസ്സിലാക്കണം.ശരി മോളേ.വരൂ നമുക്കിപ്പോൾ തന്നെ പോകാം.അവൾ അഛൻെറ കൂടെ നടന്നു.അവൾ ഒരു വീടു ചൂണ്ടിക്കാണിച്ചു പറഞ്ഞു.അഛാ ഇതാണ് അപ്പൂപ്പൻെറ വീട്.ഴാ അഛാ നമുക്കുപോയി കാര്യം പറയാം. അവർ ഗേറ്റ് തുറന്ന് അകത്ത് ചെന്ന് അറിയിപ്പു മണി മുഴക്കി.അപ്പോൾ കതകു തുറന്ന് പുറത്തേക്ക് ഒരു സ്ത്രീയാണ് ഇറങ്ങി വന്നത്.അവർ അവരോടു ചോദിച്ചു.നിങ്ങൾ ഈ വീട്ടിലെ ആരാണ്?ഞാൻ ഇവിടുത്തെ സാറിൻെറ ഭാര്യയാണ്.അല്ല,നിങ്ങൾ ആരാണ്? അവർ തിരിച്ചു ചോദിച്ചു.ഞങ്ങൾ ഇവിടെ തൊട്ടടുത്തുതന്നെയുള്ളതാണ്. ഇവിടുത്തെ സാറിൻെറ അഛൻ മരിച്ചുപോയിരിക്കുന്നു.വഴിയിൽ കിടന്നാണ് മരിച്ചത്.നിങ്ങൾ അദ്ദേഹത്തോടുപറയൂ,പഴയതൊന്നും മനസ്സിൽ വയ്ക്കാതെ ആ പിതാവിനെ അവിടെനിന്നും എത്രയും വേഗം എടുത്തുകൊണ്ട് വന്ന് അടക്കുവാൻ.പിന്നെ വഴിയിൽ കിടക്കുന്നവരെയെല്ലാം എന്തിനാണ് ഇവിടെ കൊണ്ടുവന്ന് അടക്കുന്നത്? അവർ ചോദിച്ചു. അപ്പോൾ അമ്മു

പറഞ്ഞു.ആൻറി,അപ്പൂപനെ അവിടെ നിന്നും എടുത്ത് കൊണ്ട് വേഗം അടക്കു.ഞാൻ അപേക്ഷിക്കുകയാണ്.അവൾ കരഞ്ഞു.എന്നാൽ അവർ ദേഷ്യത്തോടെ ആക്രോശിച്ചു,ഒന്ന് ഇറങ്ങിപ്പോകുന്നുണ്ടോ ഇവിടെ നിന്നും. അദ്ദേഹം വരുന്നതിനു മുൻപ് അവർ ദേഷ്യത്തോടെ പറഞ്ഞു: അതുകേട്ട് അയാൾ പറഞ്ഞു.വാ മോളേ നമുക്ക് പോകാം-എന്നു പറഞ്ഞ് തിരിഞ്ഞതും അവളുടെ അച്ഛൻെറ കൂടെ ജോലി ചെയ്യുന്ന ഒരാൾ ആ വീട്ടിലേക്ക് ഗേറ്റും കടന്ന് വരുന്നതു കണ്ടു.അപ്പോൾ അമ്മുവിൻെറ അച്ഛൻ ചോദിച്ചു.നീ ഏതാണ്?സ്വന്തം അഛനെ തെരുവിലേക്ക് വലിച്ചെറിഞ്ഞ ആ വ്യക്തി.അല്ലേ,തന്നിൽ നിന്നും ഞാനിത്ര ക്രൂരത പ്രതീക്ഷിച്ചില്ലെട്ടോ.ഇന്ന് താനീ നിലയിൽ എത്തണമെങ്കിൽ ആ മനുഷ്യൻ എന്തുമാത്രം വേദന അനുഭവിച്ചിരിക്കും,എന്ന് ഒരു നിമിഷം താൻ ഓർത്തോ?അത് താൻ ഓർത്തിരുന്നെങ്കിൽ തൻെറ ഭാഗത്തുനിന്നും ഇങ്ങനെ ഒരു തെറ്റ് ഉണ്ടാകുമായിരുന്നില്ല.ഇപ്പോൾ തൻെറ അഛൻ എവിടെയെന്ന് തനിക്കറിയാമോ? അയാൾ ഇല്ലെന്നു മറുപടി നൽകി.എങ്കിൽ വരു,ഞാൻ കാണിച്ചു തരാം.അയാളുമായി സ്കൂൾ മതിൽകെട്ടിനരികിലേക്ക് ചെന്നു.അയാൾ സ്തബ്ധനായി നിന്നു.അമ്മുവിൻെറ അഛൻ അപ്പോൾ പറഞ്ഞു.നിൻെറ കല്യാണം നടന്നു കാണാൻ ഏറ്റവും കൂടുതൽ ആഗ്രഹിച്ചിരുന്ന ആൾക്കാരാണ് നിൻെറ അച്ഛനും അമ്മയും. കല്യാണത്തിനു ശേഷം ഭാര്യയുടെ ആവശ്യപ്രകാരം അച്ഛനെ ഇറക്കിവിടുകയും ചെയ്തു.അപ്പോൾ ഭാര്യയേയും പിരിയാൻ കഴിയില്ല.അച്ഛനെയുംപിരിയാൻ കഴിയില്ല.എന്നാൽ ഭാര്യ ഇറങ്ങി പോകുന്ന മട്ടായപ്പോൾ അച്ഛനെ വഴിയോരത്തേക്ക് ഇറക്കി വിടുകയും ചെയ്തു.സ്വന്തം

മാതാപിതാക്കളേക്കാൾ വലുതായി നമുക്ക് വേറാരും വരില്ല.അത് താൻ ഓർക്കണം.അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.ഞാൻ മനസ്സിലാക്കുന്നു,എന്റെ തെറ്റ്.ഞാൻ അഛനെ കൊണ്ടു പൊയ്ക്കോള്ളാം.ഉടൻ അമ്മു പറഞ്ഞു.ഈ വാക്കിനു വേണ്ടി അപ്പൂപ്പൻ എന്തോരം കൊതിച്ചിട്ടുണ്ടെന്നോ?അപ്പൂപ്പൻ എന്നോട് എപ്പോഴും പറയുമായിരുന്നു.ഒരിക്കൽ അങ്കിൾ അപ്പൂപ്പനെ കൊണ്ടുപോകാനായി വരുമെന്ന്.


അതു കേട്ടപ്പോൾ അയാൾ തലതാഴ്ത്തി.കാലങ്ങൾ കടന്നുപോയി.മാതാപിതാക്കളുടെ സ്നേഹസ്വപ്നവും കണ്ട് വേദനിക്കുന്ന മനസ്സുമായി അയാൾ ഇപ്പോഴും ജീവിക്കുന്നു.സ്വന്തം മക്കളിൽ നിന്ന് ഇതിനൊരു തിരിച്ചടി ഉണ്ടാകുമെന്നറിയാതെ.....................

ഹരിത പ്രകാശ്

**IXA**



# മാതൃഭാഷയറിയാതെ


ജൂലിറ്റ് ഐസക്ക്
XA

പ്രശസ്ത കഥാകാരനല്ലെങ്കിൽ കൂടി ഭാവിലെ മികച്ച കഥാകാരനുംമായ വിനോയ് തോമസ് എഴുതിയ കഥയാണ് കുട്ടുക്കുറുക്കത്തി കൂർ കൂർ എന്നത് . വിദ്യാഭ്യസവും പരിസ്ഥിതിബോധവും പ്രകൃതിസ്നഹവും മാതൃഭാഷ പ്രധാന്യവും ഉൾപ്പെടുത്തികൊണ്ടുള്ള നല്ല ഒരു നല്ല കഥയാണ്. ഇതിൻെറ മുഖ്യ പ്രമേയം എന്ന് പറയുന്നത് മതൃഭാഷയുടെ പ്രാധാന്യമാണ്.ജീവിതത്തിൽ മറ്റ് എന്തെല്ലാം ഉണ്ട് എന്ന് പറഞ്ഞ്ലും നമ്മുടെ മാതൃഭാഷ അറിയില്ലെങ്കിൽ നാം ആരുമല്ല. അമ്മയുടെ പ്രകൃതി സ്നഹവും അച്ഛൻെറ ആഡംബരവും മൂലം അറിയെണ്ട കാര്യങ്ങൾ അറിയാതെ പോയ ഒരു ബാലൻെറ കഥയിലൂടെ പ്രകൃതിസ്നഹത്തിൻെറ പ്രധാന്യം വ്യക്തമാകുന്നു.ഇതിൽ നിന്നും എനിക്ക് കിട്ടിയ മറ്റൊരു മുഖ്യ പ്രമേയമാണ് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം ജീവിതം ആഡംബരത്തിൻെറ അത്യാഗ്രഹത്തിൻെറ നാളുകളിലേക്ക് പോകുമ്പോൾ നമ്മുടെ മാതൃഭാഷ അറിയാതിരുന്നാൽ നാം ഒരിക്കലും പൂർണരാകില്ല. ഇവിടെ പ്രകൃതിയെക്കുറിച്ച് അടുത്ത് അറിയാനാകാത്ത ഒരു ബാലൻെറ നിസ്സഹായാവസ്ഥയാണ് നമ്മുക്ക് വ്യക്തമാകുന്നത് .മനുഷ്യ ജീവന് പ്രകൃതിയും അതിലെ മരങ്ങളും ആധാരമാണ് ഇപ്പോൾ നമ്മുടെ ലോകത്തുള്ള സാധനങ്ങളിൽ മിക്കതും തന്നെ പഴയതലമുറയില്ലായിരുന്നു. ഒരു ഇട്ടാ വട്ടത്തിൽ കമ്പനികളും ആഡംബരഭ്രമം കൊണ്ട് ഒതുങ്ങുന്ന നമ്മുടെ ജീവിതത്തിന് തുല്യമായ ഒരു ജീവിതം നയിക്കുന്ന

ഒരാളാണ് ഡിക്യൂസ് മനുഷ്യ ജീവിതം അങ്ങനെ ഒതുങ്ങുന്നതല്ല എന്ന് വ്യക്തമാക്കുന്നതാണ് കൊച്ചു വല്ല്യമ്മച്ചിയുടെയും ജീവിതം. ഡിക്യൂസിൻെറ മകൻ അയാളെ പോലെ തന്നെ മാതൃകയായിരുന്നു.കൊച്ചുവല്ല്യമ്മചച്ചിയുടെ മകൾ സിനിയും അവളുടെ അമ്മയെ മാതൃകയാക്കുകയായിരുന്നു ലിസ്ററനും സിനിയും വിവഹിതരാവുന്നതോടെ അവർക്ക് ഉണ്ടാകുന്ന മകൻ പേരാണ് കുട്ടുസ് .രണ്ടുപേരുടെയും തൽപര്യ ഭിന്നതകൾ മൂലം മാതൃഭാഷയറിയാതെ പോയ ബാല്യം ആയിരുന്നു കുട്ടുസിൻേറത്.അവിടെ വച്ച് കുട്ടിക്ക് മാതൃഭാഷയറിയാതായതോടെ അതിന് അംഗൻവാടിയിൽ വിടുകയാണ് ചെയുന്നത്. കൊച്ചുവല്ല്യമ്മച്ചിയെയാണ് നാം മാതൃകയാക്കേണ്ട കഥാപാത്രം പ്രകൃതിയോടും മാതൃഭാഷയോടും ഇണങ്ങിയതാണ് അവരുടെ ജീവിതം . മോനിച്ചൻ എന്ന കഥാപാത്രമാണെങ്കിൽ വല്ല്യമ്മച്ചിയുടെ പ്രകൃതിയോടുള്ള ഇണക്കത്തിൽ തൽപര്യമില്ലാത്തയാളാണ് ഡിക്യൂസ് മർഗരീത്ത എന്നിവർ സ്വഭാവികക്കാരനാണ്. മക്കൾക്ക് വിദേശ ഭാഷ അറിയമെങ്കിൽ നന്നേ ജീവിക്കാം എന്നുള്ളവർ ലിസ്റ്റിൻ അവരുടെ മകനാണ് അതേ സ്വഭാവക്കാരൻ സിനി അദ്ദേഹത്തിൻെറ ഭാര്യയാണ്. സിനി പ്രകൃതി സ്നേഹിയാണ്.കുട്ടൂസാകട്ടെ രണ്ടുപേരുടെയും അഭിപ്രായ ഭിന്നതകളാൽ ബുദ്ധിമുട്ടുന്ന ഒരു കുട്ടിയാണ് കഥാകാരൻ.അതിൻെറ ഭാഷയെ വളരെ മനോഹരമായി ആണ് തയാറാക്കിയിരിക്കുന്നത് "പച്ചയിൽപറന്നുപോകുന്ന പക്ഷിയുടെ ഉടുപ്പ് "എന്നത് മനോഹരമാണ്. പ്രയോഗഭംഗിയും മനോഹരമാണ്. ആഖ്യാനം നാം അറിഞ്ഞിരിക്കേണ്ട ഒരു മനോഹരമായ കഥയാണ് ഇത്.കുട്ടികൾ പ്രകൃതിസ്നേഹവും മാതൃഭാഷയും നല്ല വണ്ണം അറിഞ്ഞിരിക്കണം എന്നാണ് കവി പറയുന്നത്.

ജി.എച്ച്.എസ്.എസ്.കടയത്തുർ

# <u>ഒരു കൊച്ചു സ്നേഹം</u>



അക്സാമേരി വി.ജെ
IXA

ഒരു വസന്തകാലത്തെക്കൂടി വരവേൽക്കാൻ "പ്രകൃതി ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു."ഈശ്വരന്റെ ചൈതന്യം പോലെ ഇളം വെയിൽ കടന്നു വരുന്നുണ്ട്. പൊൻ സൂര്യന്റെ തീവ്ര പ്രഭയിൽ എല്ലാം മിന്നിത്തിളങ്ങുന്നു. ആ മരക്കൊമ്പിൽ ആ മൈന അന്നും വന്നിരുന്നു. അതിന്റെ കരച്ചില് കേട്ടാണ് നേരം പുലരുന്നതെന്ന് എനിക്ക് തോന്നാറുണ്ട്. ഇളം മായും വരെ ആ മുറ്റത്ത് തത്തിക്കളിക്കുക എന്നത് അതിന്റെ വിനോദമാണ്. ആ മൈനയ്ക്ക് ഞാനൊരു പേരും ഇട്ടു. അത് എന്താണെന്നോ ?ചിപ്പി. എന്റെ ജനാലയ്ക്കരികിലെ പുളിമരത്തിൽ വന്നിരുന്ന് എന്നെ ഉണർത്തുക പതിവായിരുന്നു. ഒരു പക്ഷേ സൂര്യനെ ഉണർത്തുന്നതും ഈ പക്ഷിയാണോ എന്ന് ഞാൻ പലപ്പോഴും ആലോചിക്കാറുണ്ട്.രാവിലെ കാപ്പി കുടിക്കുന്നത് തിണ്ണയിലിരുന്നാണ്. അവളുടെ കൊഞ്ചലിൽ ഇളം കാറ്റ് ഒഴുകി മറയുന്നു. ഞാൻ കഴിക്കുമ്പോൾ അവൾക്കും കൊടുക്കുമായിരുന്നു.ആ കുഞ്ഞു കൊക്കിൽ ഒതുങ്ങുന്നതു കൊത്തി വാനിൽ പറന്നുയരും. ഏതെങ്കിലും മരക്കൊമ്പിൽ കൊണ്ടു വെച്ച് അത് കഴിക്കും. ഞാനങ്ങനെ പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്ന ഒരാളായി. അതു വരെ പ്രകൃതിയുമായിഅങ്ങനെ

ഒരു ബന്ധം എനിക്കുണ്ടായിരുന്നില്ല. ആ ബന്ധം ക്രമേണ വളർന്നതു പോലും ഞാനറിഞ്ഞില്ല. പക്ഷേ ആ സന്താശം അതികം നാൾ നീണ്ടു നിന്നില്ല. എന്റെ വകയിലുള്ള അനിയത്തിയും മറ്റും എന്റെ വീട്ടിൽ അവധിക്കാലം ചെലവിടാൻ വന്നതായിരുന്നു. ചിപ്പിക്ക് എന്നെ പരിചയമുള്ളതനാൽ എന്റെ അടുത്തേക്ക് പറന്നു വരികയായിരുന്നു. അങ്ങനെയിരിക്കെ എന്റെ അനിയത്തി ജനാലഴികളിൽ വന്നിരുന്ന ചിപ്പിയെ പിടിച്ചു. രക്ഷപെടാൻ ശ്രമിക്കുന്നതിനിടയിൽ ചിപ്പിയുടെ ലോലമായ ചിറകിൽ ഒരു മുറിവുപറ്റി. ചിപ്പിയെ ബലമായി പിടിച്ച് വലിച്ച് എടുത്തു. ഞാൻ അവിടെ ഉണ്ടായിരുന്നില്ല. തിരിച്ച് വീട്ടിൽ എത്തിയപ്പോൾ ഇരുമ്പയിക്കുള്ളിൽ വേദനയാൽ പിടയുകയായിരുന്നു അവൾ.ഓടി വന്ന് ഞാൻ അവളെ എടുത്തു. മുറിവിൽ മരുന്നു കെട്ടി വെച്ച് അവളെ പറത്തി വിട്ടു. പിറ്റേ ദിവസം ചിപ്പി വന്നില്ല. ദിവസങ്ങൾ കഴിഞ്ഞിട്ടും അവൾ വന്നില്ല. ഞാൻ കാത്തിരുന്നു. അവൾ എത്തിയില്ല. പിന്നീടൊരിക്കലും അവൾ വന്നിട്ടില്ല. കരയാൻ ഇനി കണ്ണുനീരില്ല. പക്ഷെ ഒരു വർഷത്തിനു ശേഷം എന്റെ വിശമത്തിന് വിരാമം കുറിച്ചു കൊണ്ട് അവൾ വന്നു. എനിക്ക് വളരെ സന്തോശമായി. പിന്നെയുള്ള ദിവസങ്ങളെല്ലാം ഞാനും ചിപ്പിയും വളരെ സന്തോശത്തിൽ കഴിഞ്ഞുകൂടി.

അക്സാമേരി വി.ജെ

**IXA**



# തോരാത്തമഴ


പ്രവിത പി ബിജു
VIII

ആർത്തലച്ചുപെയ്യുന്ന മഴയെ മാളു വേവലാതിയോടെ നോക്കിനിന്നു. അവൾക്ക് വെളിയിലേക്ക്ഇറങ്ങാനെ കഴിയുന്നില്ല.നല്ല ഇടിയും മിന്നലും ശക്തമായ കാറ്റും ഉണ്ട്.അവൾക്ക് പേടിയായി.അവൾ വാതിലുംജനലും അടച്ച് അവൾക്ക് ഏറെ ഇഷ്ടമുള്ള ശ്രീകൃഷ്ണ ഭഗവാൻെറ കുസൃതിത്തരങ്ങളും ധീരതയും തമാശയും നിറഞ്ഞ 'ശ്രീകൃഷ്ണലീലകൾ' എന്ന പുസ്തകം വായിച്ചു.അവൾക്ക് ആ പുസ്തകത്തിൽ നിന്ന് ശ്രദ്ധ തിരിക്കാനെകഴിയുന്നില്ല.അവൾ അതിൽ ലയിച്ചിരുന്നു.മഴയും കാറ്റും ഇടിയും മിന്നലും പോയത് അവൾ അറിഞ്ഞതേയില്ല.അപ്പോൾ അവളുടെ ചേട്ടൻ അപ്പു അവളെ വിളിച്ചു.അവളോട് ഇങ്ങനെ പറഞ്ഞു:' മാളു മഴ പോയി നീ ഇങ്ങ് വന്നേ...... മാഞ്ചോട്ടിൽ നിറയെ മാമ്പഴം വീണു കിടക്കുന്നു'. അവൾ പുസ്തകം അവിടെ വെച്ചിട്ട് മാമ്പഴം പെറുക്കാൻ പോയി.അവൾ ചെന്നു നോക്കിയപ്പോൾ അതാ അവിടെ നിറയെ മാമ്പഴം.അവളും അവളുടെചേട്ടനും മാമ്പഴം പെറുക്കി കഴിച്ചു.' 'ഈ മാമ്പഴത്തിന് എന്താ സ്വാദ്.... നല്ല മധുരം''. മാളു പറഞ്ഞു. അവർ രണ്ടുപേരും അകത്തേക്കുപോയി.അവൾ അവളുടെ അമ്മയുടെ കയ്യിൽ മാമ്പഴം

ജി.എച്ച്.എസ്.എസ്.കുടയത്തൂർ

കൊടുത്തു.അവളുടെ അമ്മ അവൾക്ക് മാമ്പഴപുളിശ്ശേരി ഉണ്ടാക്കി കൊടുത്തു.അവൾ ആർത്തിയോടെ അത് കഴിച്ചു.സത്യം പറഞ്ഞ നമ്മടെ മാളു ഒരു മാമ്പഴക്കൊതിച്ചിയാ.

അവൾക്ക് വെറും 6 വയസ്സുമാത്രമേ ഉള്ളു.അവൾക്ക് നോവലുകൾ വായിക്കാനും കഥ വായിക്കാനും കേൾക്കാനും ആണ് ഏറെ ഇഷ്ടം.അവൾ മുറിയിലേക്കുപോയി പിന്നെയും കഥകൾവായിക്കാൻ തുടങ്ങി.മഴ തോർന്ന് വെയിൽ വന്നപ്പോൾ അവൾ മുറ്റത്തിറങ്ങി.അവൾ നട്ടറോസാച്ചെടിയിൽ പൂവുണ്ടായിരിക്കുന്നു.അവൾക്ക് സന്തോഷമായി.കാരണം ആ ചെടി ആദ്യമായാണ് പൂവിട്ടത്.അവൾ അകത്തു പോയപ്പോൾ വീണ്ടും മഴ പെയ്യാൻ തുടങ്ങി.അവൾ ജനാലയിലൂടെ നോക്കിനിന്നു. തോരാത്തമഴ. മഴയത്ത് അവളുടെ റോസാച്ചെടിയിലെ പൂ അടർന്നു പോയിരുന്നു. അവൾക്ക് സങ്കടം പിടിച്ചടക്കാനായില്ല. അവൾ പൊട്ടിക്കരഞ്ഞു.അപ്പോൾ അവളുടെ അമ്മ പറഞ്ഞു.''മോളെ കരയണ്ട.ഒരു ചെടി ഒരു തവണമാത്രമല്ല പൂവിടുന്നത്.ആ റോസാച്ചെടി ഇനിയും പൂവിടും.നീ കരയണ്ട.''അവൾ കരച്ചിൽ നിർത്തി.അവൾ കയ്യിൽ ഒരു ഗ്ലാസ് കാപ്പിയും ബിസ്കറ്റുമായി തിണ്ണയിൽ പോയി.ആർത്തലച്ചു പെയ്യുന്ന മഴയെ അവൾകലിയോടെ നോക്കി നിന്നു ചായ കുടിച്ചു.ബിസ്കറ്റും തിന്നു.അപ്പോൾ ഒരു കാറ്റു വന്നു.അവൾ നനയാൻ തുടങ്ങി.മാളു അകത്ത് പോയി.അവൾ അപ്പുവിന്റെ കൂടെ പോയിരുന്നു.അപ്പു അവൾക്ക് കഥ വായിച്ചു കൊടുത്തു.അവൾ ആ കഥയോടൊപ്പം സഞ്ചരിക്കുകയാണ്. അവൾ കഥാലോകത്തേക്ക് കടന്നു. അവൾ പതിയെ പതിയെ നിദ്രയിലേക്കു കടന്നു.

ജി.എച്ച്.എസ്.എസ്.കടയത്തൂർ

നേരം പുലർന്നു. അവളും അവളുടെ ചേട്ടനും സ്കൂളിലേക്കു പോകാനുള്ള തിരക്കിലാണ്. അപ്പോഴാണ് അവളുടെ ഓമനപ്പൂച്ചയെ കാണാതെ പോയത്.അവർ സ്കൂളിലേക്കു ചെന്നു.അപ്പോൾ മാളുവിൻെറകൂട്ടുകാരി മീന അവളോട്ചോദിച്ചു: ''നിനക്കെന്തുപറ്റി. നീയാകെ മൂഡോഫാണല്ലോ. എന്തുപറ്റി''? അപ്പോൾ മാളു പറഞ്ഞു:''ഇന്ന് രാവിലെ ഞാനെൻെറ കിങ്ങിണിപ്പൂച്ചയെ നോക്കിയപ്പോൾ അവളെകണ്ടില്ല.''മീന പറഞ്ഞു:''നീ വിഷമിക്കേണ്ട.എൻെറ അമ്മുപ്പൂച്ച രണ്ട് പൂച്ചകൾക്ക് ജന്മം നൽകി. ഞാനതിനെ നിനക്കു തരാം.''മാളു സമ്മതിച്ചു. പിറ്റേന്ന് തന്നെ മീന അവൾക്ക് ഒരു പൂച്ചക്കുഞ്ഞിനെ കൊടുത്തു. അവൾക്ക്സന്തോഷമായി. അവൾ അതിനെ കൊണ്ടുപോയി വളർത്തി.അത് വളർന്നു വലുതായി കുറേ കുഞ്ഞുങ്ങൾ ജന്മം നൽകി.അവൾ അവളുടെ ചേട്ടൻെറ മടിയിൽ കിടന്ന് കഥ കേട്ട് നിദ്രയിലേക്കു പതിയെ പതിയെ വഴുതി വീണു.അപ്പുവും കഥ വായിച്ച് നിദ്രയിലേക്കാഴ്ന്നു.അവർ സന്തോഷത്തോടെ കിടന്നുറങ്ങി.

പ്രവിത ബിജു

**VIII A**



# പ്രളയം നൽകിയ പാഠം




ഉന്മാദമായി പെയ്യുന്ന മഴയെ അവൾ വേവലാതിയോടെ നോക്കി നിന്നു . മഴവെള്ളത്തോടൊപ്പം ഒഴുകിപ്പോകുന്നത് തൻെറ സ്വപ്നമായിരുന്നു എന്ന് അവൾക്ക് തോന്നി . ഒരു വലിയ വീട്ടിലെ പെൺക്കുട്ടിയുടെ മനസിലെ കാര്യങ്ങളാണിവ. സ്വത്തും സമ്പത്തുമുണ്ടായിട്ടും ആ മഴയെ തകർക്കാൻ അവർക്ക് സാധിച്ചില്ല. റോഡരികിലെ മനോഹരമായ രണ്ടു നില വീട്ടിലായിരുന്നു സിന്ധുവിൻെറ കുടുംബം താമയിച്ചിരുന്നത് . അച്ഛൻ രാമുവും അമ്മ രോഷ്മയും ചോട്ടൻ സുരോഷുമായിരുന്നു ആവാട്ടിലെ അംഗങ്ങൾ . സമ്പത്തിൽ അവരെ വെല്ലാൻ ആ നാട്ടിൽ ആരുമുണ്ടായിരുന്നില്ല . മക്കൾ രണ്ടു പോരും ഇംഗ്ലീഷ് മീഡീയം സ്കൂളിൽ പഠിക്കുന്നു . അച്ഛനും അമ്മയും ജോലിക്കാർ .

പക്ഷേ പ്രളയം ആ വീടിനെയും തകർത്തു . അടുത്തുള്ള ആളുകൾ വീട് മാറി തുടങ്ങിയപ്പോഴും അവർ വീട് മാറാൻ കൂട്ടാക്കിയില്ല . അടുത്തുള്ള സേവ്യയർ ചേട്ടൻ വിളിച്ച പറഞ്ഞു വെള്ളം ഇനിയും ഉയരും വീട് വിട്ട് പൊയ്ക്കോള്ളൂ. നിങ്ങൾ പൊയ്ക്കോളൂ താഴെത്തെ നിലയിൽ വെള്ളം കയറിയാലും മുകളിലത്തെനില സുരക്ഷിതമാണ് . എനിക്ക് വരേണ്ട ആവശ്യമില്ല . ഒരു ചെറിയ അഹങ്കാരവും അദ്ദോഹത്തിൻെറ

വാക്കുകളിൽ നിലനിന്നിരുന്നു . പക്ഷേ വെള്ളം ഉയർന്നു കൊണ്ടിരുന്നു . മുകളിൽ അരയ്ക്കൊപ്പം വെള്ളം കൂടി കുത്തിയൊഴുകുന്ന മഴയെ ഫോണിൽ പിടിച്ച് വാസ്ആപ്പിൽ ഇടുന്ന തിരക്കിലായിരുന്നു മക്കൾ . രണ്ടു ദിവസം കഴിഞ്ഞു . വെള്ളം പിന്നെയും കൂടി കുടിവെള്ളമില്ല, ഭക്ഷണമില്ല, വസ്ത്രമില്ല ഇപ്പോൾ ഒന്നുമില്ലാത്ത അവസ്ഥയിലാണ് രാമുവിൻെറ കുടുംബം . അവർ രക്ഷപ്പെടാൻ വഴികളാലോച്ചു .

ആദർശ് സാബു

**IXA**



# _സ്നേഹനൊമ്പരം




ഒരു വസന്തകാലത്തെക്കൂടി വരവേൽക്കാൻ"പ്രകൃതി ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു."ഈശ്വരന്റ ചൈതന്യം പോലെ ഇളം വെയിൽ കടന്നു വരുന്നുണ്ട്. പൊൻ സൂര്യന്റ തീവ്ര പ്രഭയിൽ എല്ലാം മിന്നിത്തിളങ്ങുന്നു. ആ മരക്കൊമ്പിൽ ആ മൈന അന്നും വന്നിരുന്നു. അതിന്റ കരച്ചില്ല കേട്ടാണ് നേരം പുലരുന്നതെന്ന് എനിക്ക് തോന്നാറുണ്ട്. ഇളം മായും വരെ ആ മുറ്റത്ത് തത്തിക്കളിക്കുക എന്നത് അതിന്റ വിനോദമാണ്. ആ മൈനയ്ക്ക് ഞാനൊരു പേരും ഇട്ടു. അത് എന്താണെന്നോ ?ചിപ്പി. എന്റെ ജനാലയ്ക്കരികിലെ പുളിമരത്തിൽ വന്നിരുന്ന് എന്നെ ഉണർത്തുക പതിവായിരുന്നു. ഒരു പക്ഷേ സൂര്യനെ ഉണർത്തുന്നതും ഈ പക്ഷിയാണോ എന്ന് ഞാൻ പലപ്പൊഴും ആലോചിക്കാറുണ്ട്.രാവിലെ കാപ്പി കുടിക്കുന്നത് തിണ്ണയിലിരുന്നാണ്. അവളുടെ കൊഞ്ചലിൽ ഇളം കാറ്റ് ഒഴുകി മറയുന്നു. ഞാൻ കഴിക്കുമ്പോൾ അവൾക്കും കൊടുക്കുമായിരുന്നു.ആ കുഞ്ഞു കൊക്കിൽ ഒതുങ്ങുന്നതു കൊത്തി വാനിൽ പറന്നുയരും. ഏതെങ്കിലും മരക്കൊമ്പിൽ കൊണ്ടു വെച്ച് അത് കഴിക്കും. ഞാനങ്ങനെ പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്ന ഒരാളായി. അതു വരെ പ്രകൃതിയുമായിഅങ്ങനെ

**ഒരു ബന്ധം എനിക്കുണ്ടായിരുന്നില്ല. ആ ബന്ധം ക്രമേണ വളർന്നതു പോലും ഞാനറിഞ്ഞില്ല. പക്ഷേ ആ സന്താശം അതികം നാൾ നീണ്ടു നിന്നില്ല. എന്റെ വകയിലുള്ള അനിയത്തിയും മറ്റും എന്റെ വീട്ടിൽ അവധിക്കാലം ചെലവിടാൻ വന്നതായിരുന്നു. ചിപ്പിക്ക് എന്നെ പരിചയമുള്ളതനാൽ എന്റെ അടുത്തേക്ക് പറന്നു വരികയായിരുന്നു. അങ്ങനെയിരിക്കെ എന്റെ അനിയത്തി ജനാലഴികളിൽ വന്നിരുന്ന ചിപ്പിയെ പിടിച്ചു. രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടയിൽ ചിപ്പിയുടെ ലോലമായ ചിറകിൽ ഒരു മുറിവുപറ്റി. ചിപ്പിയെ ബലമായി പിടിച്ച് വലിച്ച് എടുത്തു. ഞാൻ അവിടെ ഉണ്ടായിരുന്നില്ല. തിരിച്ച് വീട്ടിൽ എത്തിയപ്പോൾ ഇരുമ്പഴിക്കുള്ളിൽ വേദനയാൽ പിടയുകയായിരുന്നു അവൾ.ഓടി വന്ന് ഞാൻ അവളെ എടുത്തു. മുറിവിൽ മരുന്നു കെട്ടി വെച്ച് അവളെ പറത്തി വിട്ടു. പിറ്റേ ദിവസം ചിപ്പി വന്നില്ല. ദിവസങ്ങൾ കഴിഞ്ഞിട്ടും അവൾ വന്നില്ല. ഞാൻ കാത്തിരുന്നു. അവൾ എത്തിയില്ല. പിന്നീടൊരിക്കലും അവൾ വന്നിട്ടില്ല. കരയാൻ ഇനി കണ്ണുനീരില്ല. പക്ഷെ ഒരു വർഷത്തിനു ശേഷം എന്റെ വിശ്രമത്തിന് വിരാമം കുറിച്ചു കൊണ്ട് അവൾ വന്നു. എനിക്ക് വളരെ സന്തോശമായി. പിന്നെയുള്ള ദിവസങ്ങളെല്ലാം ഞാനും ചിപ്പിയും വളരെ സന്തോഷത്തിൽ കഴിഞ്ഞുകൂടി.**

**അസ്മ അസീസ്**

**IXA**

# ഒരു അനാഥത്വത്തിൻെറ കഥ


കാർത്തിക ബിനു
IXA

അന്ന് ഒരു ഡിസംബർ മാസം 25-ാ തിയ്യതി ആയിരുന്നു. തണുത്ത മഞ്ഞികണങ്ങൾ ഇലത്തുമ്പുകളിൽനിന്ന് ഊർന്നു നിലത്തുവീഴാൻ ആ മഞ്ഞുതുള്ളികൾ വെമ്പൽകൊണ്ടു. സൂര്യൻെറ നേർത്ത കിരണങ്ങളാൽആ മഞ്ഞുതുള്ളികൾ തിളങ്ങി. വളരെ മനോഹരമായ പുലരി. ആ ദിവസം മേരിയും, ജോണും തങ്ങളുടെ ഒന്നരവയസ്സുകാരൻ അലക്സിനെയും കൂട്ടി ഒരു ഫാമിലി ടൂറിന് ഒരുങ്ങുകയാണ്.അവർ തയ്യാറായി കാറിൽ കയറിയാത്ര തുടങ്ങി. അന്നത്തെ ദിവസം അവർ അടിച്ചുപൊളിച്ച് തിരിച്ചുവരികയാണ്. സന്ധ്യയായി, നല്ല മഞ്ഞുണ്ട്പെട്ടെന്ന് വണ്ടി നിയന്ത്രാധിതമായി ഒരു കാട്ടിലേക്ക് മറിഞ്ഞു. നേരം വെളുത്തു,അപ്പോഴാണ് ഫാദർ ഗിൽബർട്ട് സെമിനാരിയിലേക്ക് പോവാൻ ബൈക്കിൽ വന്നത്. ഫാദർ നോക്കിയപ്പോൾ ഒരു കാർആക്സിഡൻെറായി കാട്ടിൽ കിടക്കുന്നു. ഫാദർ പരിഭ്രാന്തനായി ബൈക്ക് നിർത്തി കാട്ടിലേക്കിറങ്ങി.അവിടെ ഒരു ഒന്നര വയസ്സുകാരൻ കരിയിലകൾക്കിടയിൽ കിടക്കുന്നു. ഫാദർ ആ കുഞ്ഞിനെ എടുത്തു.ഭാഗ്യം എന്നു പറയട്ടെ കുഞ്ഞിനു ജീവനുണ്ട്. ആ കുഞ്ഞിൻെറ മനോഹരമായ പുഞ്ചിരികണ്ടിട്ട് ഫാദറിന്അവനെ ഉപേക്ഷിക്കാൻ തോന്നിയില്ല. അപ്പോഴാണ് ഫാദർ

ആ ശബ്ദം കേട്ടത് , അത് അലക്സിൻെറ അമ്മമേരിയായിരുന്നു. അവൾ പറഞ്ഞു:ഫാദർ,അങ്ങ് ഇപ്പോൾ എനിക്ക് ദൈവത്തെപ്പോലെയാണ്, ഇവനെ അങ്ങ് ദയവായി വളർത്തണം.എനിക്ക് ഇനി ജീവിതത്തിലേക്ക് മടങ്ങി വരുവാൻ കഴിയുകയില്ല. ഉപേക്ഷിക്കരുത്. ഫാദർ മേരിക്ക് വാക്കുകോടുത്തു.അവനെ അദ്ദേഹംനിസ്സഹായായ അമ്മയുടെ അപേക്ഷയാണ്,നിര വളർത്തിക്കൊള്ളാം എന്ന് .അലക്സിൻെറ അച്ഛൻ ആക്സിഡൻെറിൽ തന്നെ മരിച്ചിരുന്നു. ഫാദർആ കുഞ്ഞുമായി തൻെറ പള്ളിയുടെ അനാഥാശ്രമത്തിൽ എത്തി. കുഞ്ഞിനെ സിസ്റ്റേഴ്സിനെ ഏൽപിച്ചു.പിന്നീടുള്ള കാലം അവൻ വളർന്നത് അവിടെനിന്നാണ്.അവൻ മിടുക്കനായി പഠിച്ചു കയറി എങ്കിലുംഅവൻെറ കൂട്ടുകാർ അവനെ അനാഥൻ എന്നു വിളിച്ച് കളിയാക്കി.ആ ഒരു വാക്ക് അവനു സഹിക്കാനായി-നായിരുന്നില്ല.അതിനാൽ അവൻ ദു:ഖിതനായി കാണപ്പെട്ടു. അവൻെറ സങ്കടത്തിൻെറ കാരണം ഫാദർ പല പ്രാവശ്യം അന്വേഷിച്ചെങ്കിലും അവൻ ഉത്തരം നൽകിയിരുന്നില്ല.അങ്ങനെ ആ ദു:ഖം ഉള്ളിലിട്ടു-കൊണ്ട് അലക്സ് പത്താം ക്ലാസ്സിലെ S.S.L.C പരീക്ഷയ്ക്ക് തയാറെടുക്കുകയായിരുന്നു.എന്നാലും ആവാക്ക് അവനെ ശ്രദ്ധയോടെ പഠിക്കാൻ സമ്മതിച്ചില്ല.അവൻ ആരാണെന്നും,അവൻ എങ്ങനെ ഇവിടെഎത്തിയെന്നും അറിയാൻ വേണ്ടിഅവൻെറ മനസ്സ് വെമ്പൽകൊണ്ടു.അത് അവന് സമാധാനം നൽകിയില്ല.അവന് ദൈവത്തിൽ വിശ്വാസമുണ്ടായിരുന്നു; അവൻ എന്നും പ്രാർഥിക്കുമായിരുന്നു.തന്നിൽ നിന്ന് ഈവിഷമം അകറ്റണമേ എന്ന്. അന്ന് ഒരു ഓശാന ഞായറാഴ്ച ആയിരുന്നു പള്ളികഴിഞ്ഞ് അവൻ ഫാദറിൻെററൂമിൽ എത്തി

എന്നിട്ട് ചോദിച്ചു;ഞാൻ ആരാണ്?എന്നെ എവിടെ നിന്നാണ് അങ്ങേയ്ക്ക് കിട്ടിയത്? എന്റെ അച്ഛനും അമ്മയും ആരാണ്? ഫാദർ ഇതൊന്നും അവനെ അറിയിച്ചിരുന്നില്ല.അതാണ് ഇവന്റെ ദു:ഖത്തിന്റെ കാരണമെങ്കിൽ ആ സത്യം വെളിപ്പെടുത്താനുള്ള അവസരമാണ് എന്ന് മനസ്സിൽ വിചാരിച്ച് അവനോട് ഉള്ള സത്യം അദ്ദഹം വെളിപ്പെടുത്തി. അലക്സിന് അവർ ആരാണെന്ന് മനസ്സിലായി.താൻ അനാഥനല്ല തനിക്കും തന്നെ വളരെ അധികം സ്നേഹിക്കുന്ന ഒരു അഛനും അമ്മയും ഉണ്ടെന്ന് മനസ്സിലായി.അവൻ ഫാദറിന്റെ കാലുകളിൽ കെട്ടി പിടിച്ചു കരഞ്ഞു.എന്നിട്ട് തന്റെ മാതാപിതാക്കളുടെ കുഴിമാടത്തിൽ ഓടിച്ചെന്നു.അവിടെ മുട്ടുകുത്തിനിന്നു കുറേ നേരം കരഞ്ഞു.അതിനു ശേഷം ഇങ്ങനെ നിശ്ചയിച്ചു.ഞാൻ പഠിച്ച് എസ്.എസ് എൽ.സി പരീക്ഷ പാസ്സാകും.അതിനു ശേഷം ഒരു വലിയ ഉദ്യോഗസ്ഥനായി തിരിച്ചു വരും.തനിക്ക് നഷ്ടപ്പെട്ടതെല്ലാം തിരിച്ചുപിടിക്കും.

അലക്സ് അങ്ങനെ എസ്.എസ്. എൽ.സി പരീക്ഷ പാസ്സായി.ആശ്രമത്തിൽ തിരിച്ചുവന്ന് ഫാദറിന്റെ അടുത്തേക്ക് ഓടി.എന്നിട്ട് അലക്സ് ഇങ്ങനെ പറഞ്ഞു,;'ഞാൻ ഇനി എന്റെ ലക്ഷ്യത്തിന്റെ പൂർണതയിലേക്ക് എത്താൻ ഇനിയും കുറച്ചു നാളുകൾ കൂടി വേണം.'അവൻ ഇതും പറഞ്ഞ് ലഡ്ഡുവിന്റെ ബോക്സുമായി തിരിച്ച് ആശ്രമത്തിൽ ചെന്നു.അവിടെയുള്ള ഓരോ കൂട്ടുകാർക്കും ,പിന്നെ അവനെ സ്വന്തം മകൻ എന്ന പോലെ നോക്കിയ അമ്മമാർക്കും അഛൻമാർക്കും അവൻ മധുരം പങ്കിട്ടു.അവൻ ഇന്ന് വളരെ സന്തോഷത്തിലായിരുന്നു എന്ന് മുഖത്തെ പുഞ്ചിരി തെളിയിച്ചു.ഫാദറിന് ആശ്വാസമായി. അന്ന്, തന്റെമനസ്സ് കവർന്നെടുത്ത

ആ പുഞ്ചിരി ഇന്നിതാ, താൻ കാണുന്നു.ഇനിയും ഈ പുഞ്ചിരി ഒരിക്കലും മായല്ലേ എന്ന് അദ്ദേഹം ഈശ്വരനോട് പ്രാർഥിച്ചു. പലപ്പോഴും ജീവിതത്തിന്റെ ഇരുണ്ട വഴിയിൽ ഒറ്റപ്പെട്ട എത്രയോപേർ ഇന്നും ഈ ലോകത്തിൽ പ്രതിസന്ധികൾ തരണം ചെയ്ത് ജീവിക്കുന്നു.ആരും ഒരിക്കലും അനാഥരായിജനിക്കുന്നില്ല.അവർക്കും ഉണ്ടാകും ഒരു മനോഹരമായ ജീവിതം. പാതിവരച്ചിട്ട ചിത്രം പോലെ അതു മാഞ്ഞു-പോയെന്നും ഇരിക്കാം. എന്നാലും ഒരിക്കലും തളരരുത്. നാം വിധിയെ വെല്ലുവിളിക്കണം. ഈ ആഗസ്റ്റ്മാസ-ത്തിലെ ദുരിതപെയ്ത്തിൽ ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടവർക്കായി ഞാൻ ഇത് സമർപ്പിക്കുന്നു."നാം ഒരിക്കലും വിധിക്കു മുൻപിൽ തോറ്റുകൊടുക്കരുത്."

കാർത്തിക ബിനു

**IXA**

# ഉപന്യാസം

# കേരളം



കേരളപുനർനിർമ്മാണം എന്നത് ഭാവികേരളത്തിൻെറ സ്വപ്നമാണ്.മഹാപ്രളയത്തെ അതിജീവിച്ചുനിൽക്കുന്ന നിരവധി ജീവനുകളുടെ പ്രതീക്ഷയാണ് പുനർനിർമ്മാണം.പ്രളയം നമുക്കു നിരവധി പാഠങ്ങൾ പറഞ്ഞുതരികയുണ്ടായി. പ്രകൃതിയോടുള്ള മനുഷ്യമക്കളുടെ കൊടും ക്രൂരതകൾക്കുള്ള മറുപടിയായി പ്രളയം നമ്മുടെ കൺമുന്നിലൂടെ കടന്നുപോയി.കേരളത്തിൻെറ വരദാനമായ പുഴകളെ കൊന്നൊടുക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ അവയിൽ ഇരച്ചുയർന്ന ജലപ്രവാഹം അത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കുള്ള പ്രത്യുത്തരമായി ഭവിച്ചു.

പ്രളയം നേരിട്ടനുഭവിച്ച ഓരോരുത്തർക്കും ഇനി നിർമ്മിതമാവാനിരിക്കുന്ന കേരളത്തിൻെറ അവസ്ഥയെപ്പറ്റി ഒരു ആശയമുണ്ട്. പ്രകൃതിയ്ക്ക് യാതൊരു ദോഷവും ഉണ്ടാകാൻ സാധിക്കാത്ത തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇനി കേരളത്തിൽ നടക്കേണ്ടത്. ജലാശയങ്ങൾ മലിനമാക്കുന്ന തരത്തിലുള്ള യാതൊരു പ്രവർത്തനങ്ങളും ഇനി ഈ കേരളത്തിൽ അനുവദിക്കരുത്. മണ്ണിൻെറ സ്വാഭാവിക ഘടന നശിപ്പിക്കുന്ന തരത്തിൽ രാസവളങ്ങളും രാസ കീടനാശിനികളും വിഷവസ്തുക്കളും ഉപയോഗിച്ചുകൊണ്ടുള്ള കൃഷി രീതികൾ നടത്താൻ കേരളത്തിൽ ഇനിയും ആരെയുംഅനുവദിച്ചുകൂടാ .പ്രകൃതിക്ക്

സഹിക്കാവുന്നതിലും അപ്പുറമാണ് മനുഷ്യന്റെ പ്രവർത്തനങ്ങൾ . 44 നദികളും സമൃദ്ധമായ ജലസമ്പത്തും കേരളത്തിനുണ്ടായിട്ടും കേരളത്തിന്റെ വലിയൊരു പ്രതിസന്ധിയാണ് ജലക്ഷാമം.സമൃദ്ധമായ ജലാശയങ്ങൾ മാലിന്യങ്ങൾ നിക്ഷേപിച്ച് മാലിന്യക്കൂമ്പാരങ്ങളായത് ജലം മലിനമാക്കുന്നതിനോടൊപ്പം അവയുടെ സുഗമമായ ഒഴുക്ക്തടസ്സപ്പെടുത്തുകയും ചെയ്തു.വൈദ്യുതിക്കായി ജലം പ്രയോജനപ്പെടുത്തിയതും ജലക്ഷാമത്തിനു വഴിതെളിച്ചു. പ്രളയത്തിന് മറ്റൊരു കാരണമായി. പ്രളയദിനങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെട്ട ഒരു ഘടകം ഡാമുകളായിരുന്നു. ഡാമുകൾ നമുക്ക് പ്രയോജനപ്രദമാണെങ്കിലും ഒരുതരത്തിൽ അവ നമുക്ക് ദോഷവും ചെയ്യുന്നുവെന്നും ഈ പ്രളയം നമ്മെ ഓർമ്മപ്പെടുത്തി. ഇനി കേരളത്തിന് ഡാമുകൾ ആവശ്യമില്ല.വൈദ്യുതിക്ക് വേണ്ടിയാണ് ഡാമുകൾ നിർമ്മിക്കേണ്ട ആവശ്യം വരുന്നതെങ്കിൽഅതിനുവേണ്ടി പ്രകൃത്യാ ഉള്ള ഊർജം നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കണം. സൂര്യപ്രകാശത്തിൽനിന്നും വൈദ്യുതിയുണ്ടാക്കുന്ന സോളാർ പാനലുകളും കാറ്റാടിയന്ത്രങ്ങളും സ്ഥാപിച്ച്ന മുക്കാവശ്യമായ വൈദ്യുതി നിർമ്മിക്കാം.തിരമാലകളിൽ നിന്നും വൈദ്യുതി ഉണ്ടാക്കാൻ വരെയുള്ള സാങ്കേതികവിദ്യകൾലഭ്യമാകുന്ന ഇന്നത്തെ സാഹചര്യത്തിൽ അവയെല്ലാം പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്.

വനവൃക്ഷങ്ങൾ വെട്ടിനശിപ്പിച്ച് മണ്ണിൽ ജലം ആഴ്ന്നിറങ്ങുന്നതിനെ തടസ്സപ്പെടുത്തുന്നുണ്ട്. കൂടാതെ മണ്ണിടിച്ചിൽ പോലുള്ളവയ്ക്കും മരങ്ങൾ വെട്ടുന്നത് കാരണമാകുന്നു .നശിച്ചുപോയവ പുനർനിർമ്മിക്കുമ്പോൾ അവയ്ക്കിടയിൽ മരങ്ങൽക്കും

സസ്യങ്ങൾക്കും ഇനി സ്ഥാനമുണ്ടാകണം. വെട്ടിനശിപ്പിച്ച വൃക്ഷങ്ങൾക്കു പകരം അതിൻെ ഇരട്ടി വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കണം.മണ്ണിൻെ ഘടനയെ നശിപ്പിക്കുന്ന രാസകൃഷിരീതി ഉപേക്ഷിച്ച് ജൈവരീതി അവലംബിക്കണം.നിലവിലുള്ള ജൈവവൈവിധ്യവും ആവാസവ്യവസ്ഥകളും സംരക്ഷിക്കുക എന്നതാണ് ഏറ്റവും പ്രധാനം. ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും വേർതിരിച്ച് സംസ്കരിക്കാനുള്ള സംവിധാനങ്ങൾ നഗരങ്ങളിൽ സ്ഥാപിക്കണം. ജൈവമാലിന്യങ്ങൾ ഉപയോഗിച്ച് ഓരോ വീട്ടിലേക്കും ആവശ്യമായ പാചകവാതകംസ്വയം നിർമ്മിക്കാൻ സാധിക്കണം.മലിനജലം ഒഴുക്കിവിടാനുള്ള കൃത്യമായ ഡ്രൈനേജ് സംവിധാനം നിർമ്മിക്കണം. പുഴകളും മറ്റും കയ്യേറിക്കൊണ്ടുള്ള ഒരു നിർമ്മാണ പ്രവർത്തനങ്ങളും കേരളത്തിനാതൊരു ഉപകാരവും ചെയ്യുന്നതല്ല.



# ആഗോളതാപനവും പ്രളയാനന്തര കേരളവും



ആധുനിക ലോകം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് ആഗോളതാപനം. മനുഷ്യൻെറ പ്രകൃതിയോടുള്ള ക്രൂരകൃത്യങ്ങളുടെ പരിണിത ഫലമാണ് ഓരോ പ്രകൃതി ദുരന്തങ്ങളും. കഴിഞ്ഞുപോയദിനങ്ങളിൽ കേരളജനത അനുഭവിച്ചതും അത്തരം ഒരു ദുരന്തം തന്നെ.

ആഗോളതാപനം ഒരു പ്രതിസന്ധിയായി മനുഷ്യൻ അനുഭവിക്കുന്ന ഇന്നത്തെ സാഹചര്യത്തിലും മനുഷ്യൻെറ അത്യഗ്രഹത്തിനും ഐഡംഭരത്തിനും പ്രകൃതിയോടു ചെയ്യുന്ന കൊടും ക്രൂരതകൾക്കും അറുതി വന്നിട്ടില്ല എന്നത് വർത്തമാനലോകത്തിലെ വാസ്തവം .ആധുനികലോകം സാങ്കേതികമായി വളരെയധകം വികസിച്ചത് മനുഷ്യൻെറ അധ്വാനഭാരം കുറയ്ക്കുകയും സമയലാഭവും ഉമണ്ടാക്കിയപ്പോൾ അത് ഭൂമിക്കും അതിൻെറ സന്തുലനത്തിനും ഏൽപ്പിച്ച പ്രത്യാഘാതങ്ങൾ മനുഷ്യൻെറ സങ്കൽപ്പങ്ങൾക്കതീമായിരുന്നു. മനുഷ്യൻെറ ചില പ്രവർത്തനങ്ങൾ മൂലം കാർബൺ ഡൈഓക്സൈഡ് അന്തരീക്ഷത്തിലെത്തുന്നതാണ് ആഗോള താപനത്തിൻെറ ഒരു പ്രധാന കാരണം. പ്ലാസ്റ്റിക് കത്തിക്കുന്നതും വനനശീകരണം നടത്തുന്നതും ആഗോളതാപനത്തിനു കാരണമാകുന്ന വാതകങ്ങൾ

ജി.എച്ച്.എസ്.എസ്.കടയത്തൂർ

അന്തരീക്ഷത്തിലെത്തുന്നതിനു കാരണമാകുന്നു. ഈ ആഗോളതാപനം പിന്നീട് ഓസോൺ ശോഷണത്തിനു കാരണമാകുന്ന. റഫ്രിജറേറ്ററുകൾ AC, വിവിധതരംസ്പ്രേകൾ, അഗ്നിശമന വാതകങ്ങൾ തുചടങ്ങിയവ ക്ലോറോ ഫ്ളൂറോ കാർബണുകൾ ഹാലോൺ തുടങ്ങിയ വാതകങ്ങളുടെ സ്രോതസ്സുകളാണ്. ഇവയ്ക്ക് ദീർഘകാലം അന്തരിക്ഷത്തിൽ മാറ്റമില്ലാതെ നിലനിൽക്കാൻ ശേഷിയുണ്ട്.

ഇവ ഭൂമിയെ ഒരു പുതപ്പുപോലെ സംരക്ഷിക്കുന്ന ഓസോൺ പാളിയെ നശിപ്പിക്കുന്നു.ഓസോൺ പാളി നശിക്കുന്നത് സൂര്യനിൽ നിന്നുള്ള ഹാനികരമായ അൾട്രാവയലറ്റ്രശ്മികൾഭൂമിയിലെത്തുന്നതിനുകാരണമാകുന്ന.ഇത്ആഹാരശൃംഖലയുടെ തകർച്ച,സസ്യവളർച്ചമുരടിക്കൽഅന്ധത,തൊലിപ്പുറത്തുണ്ടാകുന്ന ക്യാൻസർ തുടങ്ങിയ പ്രശ്നങ്ങൾക്കു കാരണമാകുന്നു.ആഗോളതാപനം മനുഷ്യരാശിക്ക് വൻവിനാശം വിതയ്ക്കുമ്പോഴും അവൻെറ പ്രവർത്തികൾക്ക് ഒരറുതിയും വന്നിട്ടില്ലെന്നുള്ളതാണ് സമൂഹത്തിലേക്കു നോക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്.

നൂറ്റാണ്ടിലുണ്ടായ ഏറ്റവും വലിയ ദുരന്തമായിരുന്നു കഴിഞ്ഞുപോയ പ്രളയം.പ്രകൃതിയോട് ചെയ്യുന്നതിന് എന്നെങ്കിലും ഒരിയ്ക്കൽ അത് പ്രതികരിയ്ക്കും എന്നതിനുള്ള ഉത്തമ ഉദാഹരണമായിരുന്നു പ്രളയം.അതിലുപരി സർവ്വമനുഷ്യർക്കുമായുള്ള ഒരു മുന്നറിയിപ്പു കൂടിയായിരുന്നു ആ ദുരന്തം.മനുഷ്യൻെറ സ്വത്തിനോ നൂതനസാങ്കേതികവിദ്യയ്ക്കോ പ്രകൃതിയുടെ തിരിച്ചടിയെ പ്രതിരോധിക്കാനാവില്ലെന്നുള്ള വാസ്തവം മനസ്സിലാക്കേണ്ടത് ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമാണ്.ഇന്ന് കേരളം അതിജീവനത്തിൻെറ

പാതയിലാണ്.നിരവധി മനുഷ്യജീവനും സമ്പത്തും കേരളജനതയുടെ പ്രതീക്ഷകളും കവർന്നെടുത്തുകൊണ്ടുപോയ പ്രളയത്തിൽ നാമാവശേഷമായ കേരളത്തിന്റെ പുനർനിർമാണമാണ് ഇനി നമ്മുടെ ലക്ഷ്യം.പ്രളയത്തിൽ നിന്നും സഹോദരങ്ങളെ രക്ഷിയ്ക്കാൻ അവർക്കു നേരേ നീട്ടിയ അതേ സഹായഹസ്തങ്ങൾ അതിജീവനത്തിലും അവർക്കായി നീട്ടാനുള്ള ബാധ്യത നാം ഓരോരുത്തർക്കും ഉണ്ട്.രക്ഷപെട്ടവർക്ക് ഇനി എന്ത് എന്നുള്ള ചോദ്യം മുന്നിൽ പ്രതിസന്ധിയായി നിലനിൽക്കുകയാണ്.

"നമ്മുടെ എല്ലാവരുടെയും പ്രവർത്തികളുടെ ഫലമാണ് പ്രളയം.അതുകൊണ്ടുതന്നെ ഈ പ്രളയത്തിന്റെ ഉത്തരവാദികൾ നമ്മളെല്ലാവരുമാണ്.കേരളത്തിന്റെ പുനർനിർമാണം സാധ്യമാക്കുന്ന ഈ സാഹചര്യത്തിൽ അത് പ്രകൃതിക്ക് ദോഷകരമല്ലാത്ത രീതിയിൽ നടപ്പാക്കേണ്ട വലിയൊരുത്തരവാദിത്വമാണ് ഇന്ന് നമുക്കുള്ളത്. "


ഒരു തരത്തിൽ ആഗോളതാപനത്തിന്റെയും മറ്റുപ്രതിഭാസങ്ങളുടെയും പരിണിത ഫലങ്ങളാണ് ഈ പ്രളയം. ആഗോളതാപനവും പ്രളയവും നമ്മുക്കുതന്നെയാണ് ദോഷം ചെയ്യുന്നത്.ആധുനികവത്കരണവും പുരോഗമനവും പ്രകൃതിക്കുകൂടി അനുയോജ്യമായ രീതിയിൽ സാധ്യമാക്കാൻ ഭരണാധികാരികൾക്കൊപ്പം നമുക്കെല്ലാവർക്കും ഒന്നിക്കാം.

റ്റോണിയ രാജു

IXA

ജി.എച്ച്.എസ്.എസ്.കടയത്തൂർ

# ഗാന്ധിജി ജീവചരിത്രം





1869 ഒക്ടോബർ 2-ന് ഗുജറാത്തിലെ പോർബന്തറിൽ മോഹൻദാസ് കരംചന്ദ്ഗാന്ധി ജനിച്ചു.പുത്ലിഭായിയുടെയും കരംചന്ദ്ഗാന്ധിയുടെയും 4-ാംമത്തെ പുത്രനാണ്. കരംചന്ദ്ഗാന്ധിയുടെ ജോലി രാജ്കോട്ടിലായിരുന്നതിനാൽ ഗാന്ധിജിയുടെ പ്രാഥമിക വിദ്യാഭ്യാസവും രാജ്കോട്ടിലായിരുന്നു.13-ാം വയസ്സിൽ രാജ്കോട്ടിലെഒരു വ്യാപാരിയുടെ മകളായ കസ്തൂർബയെ വിവാഹം ചെയ്തു. ഗാന്ധിജിയുടെ തുടർ വിദ്യാഭ്യാസത്തിനായി ദക്ഷിണാഫ്രിക്കയിലേക്ക് പോയി. അവിടെയായിരുന്നു ഉപരിപഠനം.അദ്ദേഹത്തിനവിടെ വക്കീലായി ജോലി കിട്ടി. 1906-ൽ ദക്ഷിണാഫ്റിക്കയിൽ ആദ്യ സത്യാഗ്രഹം നടത്തി. പിന്നീട് ഭാരതത്തെ സ്വതന്ത്രമാക്കുന്നതിനു വേണ്ടി ധാരാളം സത്യാഗ്രഹങ്ങൾ നടത്തി.അദ്ദേഹം നടത്തിയ സത്യാഗ്രഹങ്ങളിൽ ആദ്യത്തെ സത്യാഗ്രഹം ബീഹാറിൽ നടന്ന ചമ്പാരൻ സത്യാഗ്രഹമായിരുന്നു.പിന്നീട് അദ്ദേഹം കേരളത്തിൽ ഉപ്പു സത്യാഗ്രഹവും

ജി.എച്ച്.എസ്.എസ്.കടയത്തൂർ

ഗുരുവായൂർ സത്യാഗ്രഹവും നടത്തി. ഇതു കൂടാതെ സ്വാതന്ത്ര്യത്തിനു വേണ്ടി ധാരാളം സത്യാഗ്രഹങ്ങൾ നടത്തി.അദ്ദേഹം സത്യത്തിലൂടെയും അഹിംസയിലൂടെയുമാണ് സമരങ്ങൾ നടത്തിയിരുന്നത്. ഗാന്ധിജിയുടെയും മറ്റ് സ്വാതന്ത്ര്യ സമര പോരാളികളും 1947 ആഗസ്റ്റ് 15-ന് ഇന്ത്യക്ക് സ്വാതന്ത്യം നേടി തന്നു. 1948 നവംബർ 30-ന് നാഥൂറാം വിനായ് ഗോഡ്സേ എന്ന മത ഭ്രാന്തന്റെ വെടിയേറ്റ് ഈ ലോകത്തോട് വിട പറഞ്ഞു.

അശ്വിൻ കെ ആനന്ദൻ

**IXA**



# സ്ററീഫൻ ഡബ്ല്യു ഹോക്കിങ്- ജീവിക്കുന്ന പ്രതിഭാസം





ശാസ്ത്രജ്ഞനായ സ്ററീഫൻ ഹോക്കിങിനെക്കുറിച്ച് കേട്ടിരിക്കുമല്ലോ.പ്രപഞ്ച രഹസ്യങ്ങളെക്കുറിച്ച് നൂതനമായ അന്വേഷണങ്ങൾ നടത്തിയഹോക്കിങ് മോട്ടോർ ന്യൂറോൺ എന്ന ഗുരുതരരോഗം ബാധിച്ച് ശരീരംതളർന്ന് ജീവിതം പൂർണമായും വീൽച്ചെയറിലേക്ക ഒതുക്കപ്പെട്ട പ്രതിഭയാണ്. സംസാരശേഷി നഷ്ടപ്പെട്ട്, ആംഗ്യഭാഷയ്ക്ക പോലും പറ്റാത്ത നിസ്സഹായാവസ്ഥയിലാണെങ്കിലും രോഗത്തിനു കീഴടങ്ങി ഒതുങ്ങി കൂടാൻ അദ്ദേഹം തയാറായില്ല. പ്രവർത്തനക്ഷമമായ ഒരേയൊരവയവ മായ വലതു കൈയിലെ ചൂണ്ടു വിരലുപയോഗിച്ച്, കംപ്യൂട്ടറിൽ തെളിയുന്ന അക്ഷരങ്ങൾ പെറുക്കിയെടുത്ത് ഹോക്കിങ് മഹത്തായ ആശയങ്ങൾ ലോകത്തിനു സമ്മാനിച്ചു. പ്രപഞ്ച രഹസ്യങ്ങളെക്കുറിച്ചും തമോർഗർത്തങ്ങളെക്കുറിച്ചുമുള്ള അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങൾ ഐൻസ്ററീനു ശേഷമുണ്ടായ ഏറ്റവും മഹത്തായ കണ്ടെത്തലുകളായി കണക്കാക്കപ്പെടുന്നു. *A brief history of time* അടക്കമുള്ള

ജി.എച്ച്.എസ്.എസ്.കടയത്തൂർ

ശാസ്ത്രഗ്രന്ഥങ്ങൾഅദ്ദേഹത്തിൻെറ രചനകളാണ്. ഈ നേട്ടങ്ങളുടെ അംഗീകാരമായി ഹോക്കിങ്ങിന് അനേകം ബഹുമതികൾ ലഭിച്ചിട്ടുണ്ട്. കേംബ്രിഡ്ജ് സർവകലാശാലയുടെ ലൂക്കേഷ്യൻ പ്രഫസർ ഓഫ് മാത്തമാറ്റിക്സ്, അമേരിക്കയിലെ ഏറ്റവും വലിയബഹുമതിയായ ആൽബർട്ട് ഐൻസ്ററീൻ അവാർഡ്, ബി.ബി.സി.നൽകുന്ന മാസ്ററർ ഓഫ് യൂണിവേഴ്സ്, ആറോളം സർവകലാശാലകളുടെഹോണററി ഡോക്ടറേററ് എന്നിവ അവയിൽ ചിലതാണ്.ശാരീരിക മായ കൊടിയ അവശതകൾ ഏൽപ്പിച്ച വെല്ലുവിളികളെ ഇച്ഛാശക്തിയെകൊണ്ട് മറികടക്കാൻ കഴിയുമെന്നതിൻെറ ഉദാത്തമാതൃകയാണ് സ്ററീഫൻ ഹോക്കിങ്.

അരവിന്ദ് കെ.ജെ
IXA



# വായനയും വായനാശാലയും

പുസ്തകങ്ങളെ ജീവിതസ്പന്ദങ്ങളായി കാണുന്ന ഒരുതലമുറ നമുക്കുണ്ടായിരുന്നു. അക്ഷരങ്ങളിലൂടെ ഒരു സമൂഹത്തിന്റെ ചലനങ്ങളെ നിരീക്ഷണവിധേയമാക്കുന്ന കാലഘട്ടം ഉണ്ടായിരുന്നു. ലോകജനതയെ മാറ്റിമറിക്കുകയും അവർക്ക് ശരിയായ ദിശാബോധം നൽകുകയും ചെയ്ത അനേകം വ്യക്തിത്വങ്ങൾക്ക് ആവേശം നൽകിയ ഒരു ചലനശക്തിയാണ് വായന. ഇന്ന് കാലം മാറി . പുസ്തകങ്ങളുടെ പ്രാധാന്യം കുറഞ്ഞു. വായന മെല്ലെ മെല്ലെ അപ്രതീക്ഷമാകാൻ തുടങ്ങി. വായനശാലകളിലെ അലമാരകളിൽ പുസ്തകങ്ങൾ വായനക്കാരന്റെ കാലൊച്ചയും കാത്തിരിക്കേണ്ട അവസ്ഥ. പുതിയ തലമുറയുടെ പുതിയ പ്രവണതയാണ് വായനയുടെ അനിശ്ചിതത്വത്തിന് തുടക്കമിട്ടത്, മൊബൈൽ ഫോണുകളിൽ അത്യാധുനിക സാങ്കേതിക വിദ്യയും മേശപ്പുറത്തെ കംമ്പ്യൂട്ടറിനെ പോലെ സഹയാത്രികനായി കൊണ്ടുനടക്കുന്ന ലാപ് ടോപ്പുകളിലെ സൗകര്യവും മറ്റെന്തും കാണാൻ പറ്റാത്ത പ്രവണതയിലേക്ക് ഈ തലമുറയെ കൊണ്ടെത്തിച്ചു. ചുറ്റും നടക്കുന്ന സംഭവം ഇന്നത്തെ തലമുറയുടെ അനക്കമില്ലായ്മ , പുസ്തകങ്ങളെ കണ്ടില്ലെന്ന് നടിക്കുമ്പോൾ ഒരു ചോദ്യം ഉയർന്നുവരുന്നത് ആരും ശ്രദ്ധിക്കുകയില്ല. സമൂഹത്തിന്റെ യാത്ര

എങ്ങോട്ട് ? ഒരു നാടിന്റെ , ജനതയുടെ സംസ്കാരത്തെയും ചരിത്രത്തെയും അടയാളപ്പെടുത്താൻ മുഖ്യചാലകശക്തിയായി പ്രവർത്തിക്കേണ്ട പുസ്തകങ്ങൾ ഇന്ന് പലയിടത്തും നിറം പിടിച്ച അലമാരകളിൽ കിടന്നുറങ്ങുകയാണ്. സമൂഹത്തെ മുഖ്യധാരയിലേക്ക് കൊണ്ടെത്തിക്കേണ്ട പുസ്തകങ്ങൾ ഇന്ന് ആ മുഖ്യ ഉത്തരവാതിത്വം ചെയ്യാത്ത അവസ്ഥയായി ക്രിക്കറ്റിന്റെയും ടി.വി ചാനലുകളുടെയും പിറകെ പോകുന്ന പുതിയ തലമുറ ഉത്തരവാദിത്വം മറന്നുപോകുന്നു. തിരിച്ചറിവിന്റെ രേഖയാണ് വായന. അനുഭവങ്ങളും പ്രായോഗികതയും തിരിച്ചറിഞ്ഞ് സമൂഹത്തിനു ഭാഗമായി നിൽക്കേണ്ട ഈ വിഭാഗം മറന്നുപോകുന്നത് പ്രതിബദ്ധതയാണ്. വായനാശാലകൾ സമൂഹത്തിന്റെ പ്രതിബദ്ധതയെ സംരക്ഷിച്ച നിർത്തുന്ന ചാലകശക്തിയുടെ അടയാളമാണ് വായനശാലകൾ . പുസ്തകങ്ങൾ തേടിയെത്തുന്ന ഓരോരുത്തരുടെയും വികാരമാകുകയാണ് ഓരോ വായനാശാലകൾ. വായനശാലകൾ ആളനക്കമുള്ള സജീവ അക്ഷരസിരാകേന്ദ്രങ്ങളായി മാറണം .

വായിച്ചാൽ വളരും വായിച്ചില്ലെങ്കിൽ വളരും
വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളരും

ആയിഷ ഇഖ്ബാൽ
ക്ലാസ് 9



# സൃഷ്ടിക്കായ്



ജാതി-മത-വർണ-രാഷ്ട്രീയ ചിന്തകൾക്കതീതമായി സമൂഹികമായും വൈകാരികമായും കേരള ജനതയെ ഇണക്കിനിർത്തുന്ന പ്രധാനഘടകം മലയാളഭാഷയാണ് കുറച്ച് മാസങ്ങൾക്കുമുമ്പ് നമ്മൾ അനുഭവിച്ച കഴിഞ്ഞ ഒരു സംഭവമാണ് പ്രളയം. അതിനെ നേരിട്ട് മുന്നറിവാണ് കേരളത്തിൽ ഉള്ളത്. പുതിയതായി തുടങ്ങുന്ന നവകേരളത്തിനായി നമ്മുക്ക് ഒരുമിച്ച് കൈകോർക്കാം

ദൈവത്തിൻെറ സ്വന്തം നാട് എന്ന് അറിയപ്പെടുന്ന കേരളം മലയും,പുഴയും,അരുവിയും,കുളവും,പച്ചപ്പും,തണ്ണീർത്തടങ്ങളും നിറഞ്ഞ നമ്മുടെ സ്വന്തം നാടാണ് കേരളം. ആ കേരളത്തെ മനുഷ്യർ ദുരുപയോഗം ചെയ്തത് മൂലമാണ് മഹാപ്രളയം നമ്മുടെ കേരളത്തെ മാറ്റിമറിച്ചത്. പ്രളയത്തിൽ നശിച്ചനമ്മുടെ സ്വന്തം നാടിനെ നമ്മുക്ക് തിരിച്ച് പിടിക്കാനായി നവംബർ ഒന്ന് മുതൽ നമ്മുക്ക് അധ്വാനിക്കാം .

ഇനി നമ്മുടെ കേരളത്തിൽ കണ്ടു വരുന്ന ഒരു വസ്തുവാണ് പ്ലാസ്റ്റിക് അതിനെ ഈ കേരളത്തിൽ നിന്ന് തന്നെ അകറ്റുക. സ്കൂളിലും, ഓഫിസിലും , വീടുകളിലും എല്ലം പ്ലസ്റ്റിക് കുപ്പികളും, പാത്രങ്ങളും കവറുകളും എല്ലാം നശിപ്പിക്കുക അലുമിനിയം

പാത്രങ്ങളും സ്റ്റിൽ കുപ്പികളും, സഞ്ചികളും എല്ലാം ഉപയോഗിക്കുക. കടയിൽ പോകുമ്പോൾ സഞ്ചികളുമായി പോകുക എങ്ങനെ ഈ കേരളത്തിൽ നിന്നു പ്ലസ്റ്റിക് അകറ്റുക. പ്ലസ്റ്റിക് ഇല്ലാത്ത ഒരു പുതിയ കേരളത്തെ സ്ഷ്ടിക്കുക .

ഇനി നമ്മൾ ഈ ലോകത്ത് തന്നെ കണ്ടു വരുന്ന ഒരു രോഗമാണ് കാൻസർ അതും നമ്മൾ തന്നെ വരുത്തുന്നതാണ് പണ്ടുകാലത്ത് വീടിൽ ആഹാരം ഉണ്ടാക്കി കഴിച്ചിരുന്നതുകൊണ്ട് ഇങ്ങനെ കാൻസർ എന്ന രോഗം അവരിൽ ഉണ്ടായിരുന്നില്ല. ഇപ്പോൾ എല്ലാവരും വീടിലെ ആഹാരം ഒഴിവാക്കി. പുറത്ത് ഹോട്ടലിലെ ആഹാരമാണ് കഴിക്കുന്നത്. അതുകൊണ്ടാണ് കാൻസർ ഈ ലോകത്ത് വ്യപിച്ച് പിടിച്ചിരിക്കുന്നത് നമ്മൾ കഴിവതും വീടിലെ ആഹാരം കഴിക്കുക. പിന്നെ നമ്മൾ എല്ലാം വീടിൽ പച്ചക്കറി നട്ട് വളർത്താൻ ശ്രമിക്കുക വിഷമില്ല ആഹാരം കഴിച്ച് ആരോഗ്യം നിലനിർത്തുക. ഇനി നമ്മൾ എല്ലാവരും പുഴകളിൽ പോയി തുണി അലക്കുകയോ, വാഹനങ്ങൾ കഴുകുകയോ, മൃഗങ്ങളെ കുളിപ്പിക്കുകയോ ചെയ്യരുത്. മാലിന്യങ്ങൾ വലിച്ച് എറിയരുത് പുഴകളും , കുളങ്ങളും , അരുവികളും വരും തലമുറക്കായി സംരക്ഷിക്കാം . വയലുകളും , കുന്നുകളും നശിപ്പിക്കരുത് വരും തലമുറയ്ക്ക് ആയി പച്ചപ്പ് നിറഞ്ഞ കേരളം നൽകാം അതിനെ നവകേരളം സൃഷ്ടിക്കുന്നതിന് ജാതി -മത വ്യത്യസമില്ലാതെ കൈകോർക്കാം.

അശ്വതി സജീവ്
IXA

# കേരള പുനർനിർമ്മാണം



നവകേരള നിർമിതിക്കായി ജനങ്ങളുടെ ഒരുമയും സഹകരണവും വേണ്ട ഘട്ടമാണിത്. ഭാവിതലമുറകളോടുള്ള നമ്മുടെ ഉത്തരവാദിത്വം നിർവഹിക്കേണ്ട സമയമാണിത് . കൂട്ടായുള്ള അതിജീവനം മലയാളികളുടെ സവിശേഷതയായി മാറിയിരിക്കുന്ന ഈ അവസരം നവകേരള നിർമതിക്കായി നമുക്ക് എല്ലാവർക്കും കൈകോർക്കാം അങ്ങനെ പുനർനിർമ്മാണത്തിന്റെ പുത്തൻ മാതൃക കൂടി നമുക്ക് ലോകത്തിനുമുമ്പാകെ സമർപ്പിക്കാനുള്ള പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്പ്രളയത്തെ അതിജീവിച്ച ജനത എന്ന നിലയിൽ ലോകത്തിനു മുന്നിൽ തന്നെ മാതൃകയാവുകയാണ് നമ്മുടെ കേരളം .കേരളത്തെ പുനർനിർമ്മിക്കുമ്പോൾ നമ്മളായ മനുഷ്യർ പ്രകൃതിയെ ബാധിക്കുന്ന കാര്യങ്ങൾ ചെയ്യാതെ വേണം കേരളത്തെ പുനർനിർമ്മിക്കാൻ . കാലവർഷക്കെടുതിയുടെ ഫലമായി അനുഭവിക്കുന്ന ഈ പ്രളയം മൂലം പ്രകൃതിയിലെ ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയും പ്രകൃതിയിലെ ജൈവവൈവിധ്യവും നാശിക്കാൻ തുടങ്ങി. ഉപജീവനമാർഗങ്ങൾ നഷ്ടപ്പെട്ടവർക്ക് അനുയോജ്യമായ പുത്തൻ ഉപജീവനമാർഗസാദ്ധ്യതകൾ കണ്ടെത്താൽ എന്നിവ കേരളത്തിൽ നടന്നുവരുന്നു. പ്രളയത്തെ അതിജീവിച്ച് കേരളീയ ജനതയുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായാണ്. ഇതിനായി പ്രകൃതിയെ സംരക്ഷിക്കുക നവകേരള പുനർനിർമിക്കാം

ജി.എച്ച്.എസ്.എസ്.കടയത്തൂർ

# പുതിയ കേരളം



ജാതി-മത-വർണ-രാഷ്ട്രീയ ചിന്തകൾക്കതിതമായി സമൂഹികമായും വൈകാരികമായും കേരള ജനതയെ ഇണക്കിനിർത്തുന്ന പ്രധാനഘടകം മലയാളഭാഷയാണ് .കുറച്ച് മാസങ്ങൾക്കുമുമ്പ് നമ്മൾ അനുഭവിച്ച കഴിഞ്ഞ ഒരു സംഭവമാണ് പ്രളയം. അതിനെ നേരിട്ട് മുന്നറിവാണ് കേരളത്തിൽ ഉള്ളത്. പുതിയതായി തുടങ്ങുന്ന നവകേരളത്തിനായി നമ്മുക്ക് ഒരുമിച്ച് കൈകോർക്കാം .

ദൈവത്തിൻെറ സ്വന്തം നാട് എന്ന് അറിയപ്പെടുന്ന കേരളം മലയും,പുഴയും,അരുവിയും,കുളവും,പച്ചപ്പും,തണ്ണീർത്തടങ്ങളും നിറഞ്ഞ നമ്മുടെ സ്വന്തം നാടാണ് കേരളം. ആ കേരളത്തെ മനുഷ്യർ ദുരുപയോഗം ചെയ്തത് മൂലമാണ് മഹാപ്രളയം നമ്മുടെ കേരളത്തെ മാറ്റിമറിച്ചത്. പ്രളയത്തിൽ നശിച്ചനമ്മുടെ സ്വന്തം നാടിനെ നമ്മുക്ക് തിരിച്ച് പിടിക്കാനായി നവംബർ ഒന്ന് മുതൽ നമ്മുക്ക് അധ്വാനിക്കാം .

ഇനി നമ്മുടെ കേരളത്തിൽ കണ്ടു വരുന്ന ഒരു വസ്തുവാണ് പ്ലാസ്റ്റിക് അതിനെ ഈ കേരളത്തിൽ നിന്ന് തന്നെ അകറ്റുക. സ്കൂളിലും, ഓഫിസിലും , വീടുകളിലും എല്ലം പ്ലസ്റ്റിക് കുപ്പികളും, പാത്രങ്ങളും കവറുകളും എല്ലാം നശിപ്പിക്കുക അലുമിനിയം പാത്രങ്ങളും സ്റ്റിൽ കുപ്പികളും, സഞ്ചികളും എല്ലാം ഉപയോഗിക്കുക. കടയിൽ

പോകുമ്പോൾ സഞ്ചികളുമായി പോകുക എങ്ങനെ ഈ കേരളത്തിൽ നിന്നു പ്ലസ്റ്റിക് അകറ്റുക. പ്ലസ്റ്റിക് ഇല്ലാത്ത ഒരു പുതിയ കേരളത്തെ സ്ഷ്ടിക്കുക .

ഇനി നമ്മൾ ഈ ലോകത്ത് തന്നെ കണ്ടു വരുന്ന ഒരു രോഗമാണ് കാൻസർ അതും നമ്മൾ തന്നെ വരുത്തുന്നതാണ് പണ്ടുകാലത്ത് വീടിൽ ആഹാരം ഉണ്ടാക്കി കഴിച്ചിരുന്നതുകൊണ്ട് ഇങ്ങനെ കാൻസർ എന്ന രോഗം അവരിൽ ഉണ്ടായിരുന്നില്ല. ഇപ്പോൾ എല്ലാവരും വീടിലെ ആഹാരം ഒഴിവാക്കി. പുറത്ത് ഹോട്ടലിലെ ആഹാരമാണ് കഴിക്കുന്നത്. അതുകൊണ്ടാണ് കാൻസർ ഈ ലോകത്ത് വ്യപിച്ച് പിടിച്ചിരിക്കുന്നത് നമ്മൾ കഴിവതും വീടിലെ ആഹാരം കഴിക്കുക. പിന്നെ നമ്മൾ എല്ലാം വീടിൽ പച്ചക്കറി നട്ട് വളർത്താൻ ശ്രമിക്കുക വിഷമില്ല ആഹാരം കഴിച്ച് ആരോഗ്യം നിലനിർത്തുക.

ഇനി നമ്മൾ എല്ലാവരും പുഴകളിൽ പോയി തുണി അലക്കുകയോ, വാഹനങ്ങൾ കഴുകുകയോ, മൃഗങ്ങളെ കുളിപ്പിക്കുകയോ ചെയ്യരുത്. മാലിന്യങ്ങൾ വലിച്ച് എറിയരുത് പുഴകളും , കുളങ്ങളും , അരുവികളും വരും തലമുറക്കായി സംരക്ഷിക്കാം . വയലുകളും , കുന്നുകളും നശിപ്പിക്കരുത് വരും തലമുറയ്ക്ക് ആയി പച്ചപ്പ് നിറഞ്ഞ കേരളം നൽകാം അതിനെ നവകേരളം സൃഷ്ടിക്കുന്നതിന് ജാതി -മത വ്യത്യസമില്ലാതെ കൈകോർക്കാം.


ശ്രീലക്ഷ്മി കെ. ബാബു





# കവിത

# മഹാത്മാഗാന്ധി



ഞാൻ നിങ്ങൾക്കൊരു മാന്ത്രിക സൂക്തം തരാം
നിങ്ങൾ സംശയഗ്രസതനാകുമ്പോഴോ അഹന്ത
നിങ്ങളിൽ അതിരുകവിയുമ്പോയോ ഈ ഒരു
ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി

നിങ്ങൾ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവുമധികം
ദരിദ്രനായ , നിസ്സഹായനായ മനുഷ്യൻ്റ മുഖം
സങ്കൽപിച്ചുനോക്കുക.എന്നിട്ട് നിങ്ങൾ
ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക്

ഏതെങ്കിലും രീതിയിൽ പ്റയോജനപ്പെടുമോ എന്ന്
സ്വയം ചോദിച്ചുനോക്കുക.അതുകൊണ്ട്
അയാൾക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമോ?
അതയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെ

മേൽ എന്തെങ്കിലും ഒരു നിയന്ത്റണം ഉണ്ടാക്കി

ക്കൊടുക്കുമോ? മറ്റൊരു രീതിയിൽ പറഞ്ഞാൽ

നമ്മുടെ നാട്ടിൽ ആധ്യാത്മികമായും

ശാരീരികമായും പട്ടിണികിടക്കുന്ന

കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം

നേടുന്നതിന് അത് സഹായകമാകുമോ?

അപ്പാൾ സംശയമില്ലാതാകുന്നതായും

അഹന്ത അലിഞ്ഞുപോകുന്നതായും

നിങ്ങൾക്ക് അനുഭവപ്പെടും.

# വെളിച്ചം എന്നോട് പറയാതിരുന്നത്



ഒരു നറുങ്ങുവെട്ടത്തിനായ്
എൻ മനം കേഴുന്നു
ഉരുകി എൻ ആത്മാവിൻന്നാഴങ്ങളിൽ
വീണപൊലിയുന്ന കുഞ്ഞുവെട്ടം

കണ്ണിൽ ചിമ്മാതെയുയരുന്ന
കാതിൽ കേൾക്കാനാവ്ത്ത
മധുരശിലയാണീ വെളിച്ചം.
മഴയത്തും വെയിലത്തും

മായുകില്ല മറയുകില്ല.
എൻെറ സ്വപ്നമായ് നീ
ആളുകില്ലേ?
നേരം കൺതുറക്കേ,

തെന്നിനീങ്ങും നിൻെറ-
മണികൊഞ്ചലും,

ഓടിമറയുന്ന നിൻെറ

ചിരികളുംകാത്തിടാതെ,

ഓടിമറയുമീ വെളിച്ചമേ,

നീയെന്തേ എന്നോട്

പറയാൻ വെമ്പിവന്നു

എന്നിട്ടെന്തേ പറയാതിരുന്നു?

ഒഴുകി നടക്കുമീ

കാറ്റിനെ ഇക്കിളിയാക്കി

പാഞ്ഞുപോകുവതെങ്ങനെ?

നിൻ നൊമ്പരങ്ങൾ

എന്നോട്ടുചൊല്ലാതെ

അകലെ നീ മാഞ്ഞു.

കിനാവിൻെറ വള്ളിക്കുടിലിൽ

തളിരിടുന്ന മുല്ലപോലെ

എൻ സ്നേഹവീഥിയിൽ

നീയൊരു നോട്ടം എറിഞ്ഞി-

ടുമ്പോൾ നീ എന്നുമെൻേറതുമാത്രം

ജീവനായ് കരുതി ഞാൻ

എന്നിട്ടുമെന്തേ നീ പറയാതിരുന്നത്?

പറയാതിരുന്നത്?

പറയാതിരുന്നത്?



# അക്ഷരപ്പൂക്കാലം

വായിച്ചു വാനിലുയരണം നമ്മളീനാടിന്റെ-

വെട്ടമായി മിന്നിത്തിളങ്ങണം.

അക്ഷരജ്ഞാനമുണ്ടാകണം എന്നുമേ-

വായിച്ചറിവിലേക്കെറിടെണം..(2)

ഹരിശ്രീക്കുറിച്ചിട്ട നാൾ മുതൽ വായന-

കൂടെയുണ്ടെന്നുമേ നമ്മളിൽ തൻ.

''പുസ്തകമൃത്യുവിൻ കാലമാണോ ഇത്-

വായനകുറവുള്ള ലോകമായോ.''....

* * * * * * * * * * * * * * *

വായനകൂടെയുണ്ടെങ്കിലേ നമ്മളിൽ-

എന്നും വിജയവും കൂടെനിൽക്കൂ.......

തോണ്ടിക്കളിക്കുന്ന ഫോണുകൾ മാറ്റി നാം-

നെഞ്ചിലേക്കേറ്റണം പുസ്തകങ്ങൾ..

വായിച്ചു വളരണം ചിന്തിച്ചു നേടണം

അക്ഷരലോകമാക്കേണം കളിക്കളം

വായിച്ചുമുന്നേറിയുയരണം എന്നുമേ-

അറിവിൻ കവാടം തുറക്കണം നമ്മളിൽ

ഉത്സാഹപൂരിതമായി നാം മക്കളേ-

അക്ഷരലോകത്തുച്ചെക്കേറണം നമുക്കക്ഷര-

ലോകത്തുച്ചെക്കേറണം..(2).



# ഓർമ്മിക്കുവിൻ മർത്യരെ



മനുഷ്യരെ ഓർക്കണം നിന്നുടെ ക്രൂരതകൾ -

ഓരോരോ കാലമായി വന്നിടുന്നു.

ജിവജാലങ്ങളെ ഓർക്കുനിൻ ഇന്നുലോകം -

കൊടും വരൾച്ചക്കു കീഴിൽ.

പുഴകളെ ഓർക്കുവിൻ ഇനിനിന്നിലോഴുകുവാൻ-

ഭൂമിയുടെ ചുടുരക്തമേ ബാക്കിയൊള്ളൂ..........

തല താഴ്ത്തി നിൽക്കുന്ന പൂമൊട്ടുകൾക്കെല്ലാം -

ദാഹജലമാരിന്നു നൽകും.

ഉയരുന്നു ഫ്ലാറ്റുകൾ

ഉയരുന്ന പട്ടണം

ഉയരുന്ന വാഹന പുകയും മാലിന്യവും.

പച്ച വിരിച്ച വയൽ കുന്നുകൾ മാറി

ഫ്ലാറ്റു നിറഞ്ഞ നഗരമായി......

പ്രകൃതിയാം അമ്മയുടെ നെഞ്ചിലെ ചോരയും-

മർത്യരാം നമ്മളിന്നൂറ്റിക്കുടിക്കവേ.....

ഭൂമിയാം അമ്മ തിരിച്ചടിക്കുകയല്ലാതെ-

മർത്യ മനസ്സുകൾ മാറുകില്ല........

മനുഷ്യരെ ഓർക്കണം നിന്നുടെ-

ക്രൂരതകൾ ഓരോരോ കാലമായി വന്നിടുന്നു.......

തളർന്നു പോയിപ്പോകുന്ന ഭൂമിയാം അമ്മയെ-

മക്കളേ ഇനിയെങ്കിലും നോക്കിടേണ്ടേ.........

# പന്തയം



ജിവിതത്തിന്റെ ഒരു കോണിൽ-

തുടരുന്ന ഈ പന്തയം.

ജിവിതത്തിലൂടെ ഉടനീളം മായാതെ-

നിൽക്കുന്നൊരി പന്തയം.

തോൽവിയും ജയവും

ഇടകലർന്ന ജീവിതത്തിൽ

ആവേശമാകുന്ന പന്തയം

ജീവിതമാകുന്ന പുഴയിൽ

നീന്തിക്കയറാനുള്ള

പരിശ്രമത്തിനിടയിൽ

വെല്ലുവിളിയാകുന്നൊരീ പന്തയം.

പന്തയക്കൊഴുപ്പിൽ മറന്നുപോയി-

മനുഷ്യമക്കൾ തങ്ങളുടെ

ജീവിതമാകുന്ന ഈ മൂന്നക്ഷരം

ജീവിതമാകുന്ന ഈ മൂന്നക്ഷരം.

നാണയത്തിന്റെ ഇരുപുറമായി

മാറുന്ന ഈ ജീവിതത്തിൽ

തോൽവിയും ജയവും ആയി

എത്തുന്നൊരീ പന്തയം.

ഈ മാതൃഭൂമിയിൽ ജനിച്ച

നമുക്ക് അറിയാം..........

മാതൃഭൂമിയെന്തെന്നും -

മാതൃഭാഷയെന്തെന്നും.....

ജീവിതമാകുന്ന ഒരു പുസ്തകത്തിൽ

ഒരു പുറം മാത്രം നാം കാണുന്നു.

മറ്റൊരു പുറം എന്തെന്നറിയാനുള്ള

ആകാംക്ഷ നമുക്കില്ല.

മനുഷ്യനെത്തമ്മിൽ അറുത്തുമാറ്റുന്ന

ലഹരിയാണ് പന്തയം

അതിൽ തോറ്റാൽ നമുക്ക്

നമ്മെ തന്നെയറിഞ്ഞു കൂടാ......

ജീവിതത്തിന്റെ നാഴ് വഴികളിലൂടെ

നാം ഒരു പുഴയായി ഒഴുകുന്നു.

എന്നും മുന്നിൽ ഒഴുകിയെത്തണം

എന്ന തോന്നലോടെ......

കണ്ണിന്നു മുന്നിൽ കാണുന്നവയെല്ലാം

സ്വന്തമാക്കണമെന്ന

നമ്മുടെ പന്തയാനുഭൂതി

എന്നും ഒരു വെല്ലുവിളിയാകുന്നു.

(ജീവിതത്തിന്റെ ഒരു കോണിൽ)

അശ്വതി സജീവ്



# _നല്ല കാട്ടുകൾ

പൂക്കൾ വിരിഞ്ഞതും പൂ ഇതളുകൾ തളിർത്തതും
നല്ല കാട്ടുകളും മലകളും വയലുകളും
നല്ല വെളിച്ചവും നല്ല മരങ്ങളും കായലുകളും
സുന്ദരവഴികളും ഉള്ള ഇടത്താണ്.

നല്ല സൂര്യപ്രകാശം വേണ്ടുവോളം ഉള്ള
സുന്ദരസ്ഥലമാണിയിടം
നല്ല പുഴകളും തോട്ടും കാട്ടരുവിയും
കാട്ടുപൂഞ്ചോലകളും നിറഞ്ഞാടുന്ന ഇടമാണത്

കടുവയും സിംഹവും പക്ഷികളും
വൃക്ഷലതാതികളും കൊണ്ട്
മനോഞ്ജമായ ഒരിടം

ജി.എച്ച്.എസ്.എസ്.കടയത്തൂർ

അതാണെൻെറ കാട്

വലിയ കാട്.........

കുണ്ടും കുഴികളും ഇല്ലാത്ത

പുൽപരപ്പുകൾ വിരിച്ച മൈതാനത്തൊരു

പൂ വിരിയേ..................

പൂക്കൾ വിരിഞ്ഞതും പൂവിതളുകൾ തളിർത്തതും

നല്ല കാടുകളും മലകളും വയലുകളും

ഉള്ള ഇടത്താണ്................

ദിൽഷാദ് ദിലീപ്



# മനുഷ്യരാശി



പന്തയം വെച്ചോരാ പെണ്ണിൻെറ മാനത്തെ
ഭാരത രാജൻ യു ധിഷ്ഠിരനോ
പന്തയം വെച്ചോരാ രാജ്യവും സമ്പത്തും
നിഷദ രാജൻ നളനോ

സ്നേഹബന്ധങ്ങളും കരുണയുമെല്ലാം
പന്തയം വെയക്കുമ്പോൾ ഓർത്തിടുക.
സോദരൻ തമ്മിലും സുഹൃത്തുക്കൾ തമമിലും
പന്തയം വെക്കാതെ നോക്കിടുക.

യുധിഷ്ഠിരൻ രണ്ടേനോ ചെയ്തോരു പാതകം

ഇനിയും നടക്കാതെ നോക്കിടുക
എന്നാലും മാനവരാശിക്ക് എന്നെന്നും
പന്തയം വെച്ചുള്ള കളികൾ വേണം

ആടിത്തിമർക്കുന്ന മനുഷ്യരാശിക്കുള്ളിൽ
പന്തയം ഇന്നും നടന്നിടുന്നു.
ഭാര്യയേ , അമ്മയേ മക്കളെയേല്ലാം
പന്തയംവെച്ചവർ കളിച്ചിടുന്നു

# തുള്ളൽ കവിത



യൗവനബാല്യക്കാരെ വിഴുങ്ങി
മയക്കി മെരുക്കി ഉറക്കി അതാ
ഹാ! നിൽപ്പൂ അങ്ങനെ അട്ടഹസിച്ചാ
ണാരാണറിയോ ലഹരി മരുന്നാ

ചരസ്സും ഹാൻസും ഭാങ്കും ശംഭുവു-
മേട്ടൻ കഞ്ചാവുമെന്നു തുടങ്ങി
ഹാഷിഷ്,എൽ എസ് ഡിയും.
നീണ്ടുകിടപ്പൂ വലിയൊരു നിരയും

ലഹരിമരുന്നെന്നുള്ളൊരു വീടിൻ

അംഗങ്ങൾ താൻ അയ്യോ കഷ്ടം!
നേർവഴി നന്നായ് നീങ്ങിയ ചെക്കൻ
കൂട്ടാർ തന്നുടെ വാക്കുകൾ കേട്ടു

ഒന്നാം വട്ടം ലഹരിമരുന്നൊന്നു-
പയോഗിച്ചു പയ്യൻ പിന്നെ
രണ്ടാം ദിനമിങ്ങാഗതമായി
നേർവഴി നീങ്ങിയ ചെക്കനു പിന്നെ

ലഹരിയില്ലാതൊന്നും വയ്യ!
വീണ്ടും വീണ്ടും ഉപയോഗിച്ചു.
ഒന്നറിയില്ല ചെക്കനു കാര്യം
തന്നുടെ മരണക്കുഴിയതു തന്നെ

തോണ്ടുന്നെന്നാൽ ഇതിൽ
നിന്നിനിയും മോചനമില്ലാ
രക്ഷയുമില്ലാ. നാളുകളായ്
പയ്യൻ ഇതുതാൻ

ആവർത്തിക്കുന്നൊരു
ശാന്തിക്കായ് നാളുകൾ
ശാന്തിയുമക്കരേോടിപ്പോയി
ക്യാൻസർ എന്നൊരു

ഭീകരവനെ പിടികൂടിപ്പോയി
എന്തൊരു കഷ്ടം!
ചെക്കൻ ചെന്നു വൈദ്യർ
തന്നുടെ മുന്നിൽ ഒരുന്നാൾ
അത്യാഹിതമായ് വൈദ്യർ
ചൊന്നു ചെക്കനുരോഗം
പിടിപ്പെട്ടല്ലോ!

നേർവഴി നീങ്ങിയ ചെക്കനുതെല്ലും
രക്ഷിക്കാനോ വയ്യാ കഷ്ടം.
ജീവിതചക്രം അൽപം പോലും
ജീവിച്ചൊന്നതു തീർക്കാൻ

പോലും വയ്യാതൊരു ചെക്കനു
പിന്നെ മരണം മാത്രം മുന്നിൽ
നിൽപ്പൂ. ഇക്കാര്യത്തിൽ
നിന്നും നമ്മുടെ പൂർവികർ

താൻ താൻ തോണ്ടും കുഴിയിൽ
തന്നെ താൻ താൻ
വീണിടുമയ്യോ കഷ്ടം!-

ഡ്രോണിയ രാജ്ജ

# ഭൂമി



മനുഷ്യ ദ്രോഹങ്ങൾ താങ്ങിയും
സുഖ ദു:ഖങ്ങൾ മനസ്സിലാക്കിയും
ജീവിതമാകുന്ന കടലിലെ
അന്ധതയെ അകറ്റി

നീറുന്ന മനസ്സുകളിൽ കുളിർക്കാറ്റ്
ഏകിയും ഏകാന്തത നിമിഷങ്ങളിൽ
തോഴയായി വരികയും അവൻെറ
കറുത്ത നിമിഷങ്ങൾ സന്തോഷത്താൽ

അകറ്റി.രാത്രിമുഴവൻ കുയിൽ
മാധുര്യമുള്ള ഗാനം പൊഴിച്ച
തൻെറ കാർകുന്തലുകൾ

വീടിൻ ഭിത്തികളിൽ ഉരസി

തൻ കയ്യിലുള്ള തുവലുകൾകെട്ടി

കഴുത്തിൽ ശോഭയാർന്ന് മാല ചാർത്തി

കുഞ്ഞിളം കൈകളാൽ തലോടിയ

മക്കളെ നെഞ്ചോടു ചേർത്തണച്ചു.

രാത്രിതൻ ദിനങ്ങൾ ശോഭപൂരിതമാക്കാൻ

മധുര സെഗീതവും താരാട്ടും പാടി

തൻ ദു;ഖങ്ങൾ വിയർപ്പു തുള്ളിയാലും

കണ്ണീർത്തുള്ളിയാലും പുറത്തുകാട്ടി.



# ഞങ്ങളുടെ പ്രിയപ്പെട്ട
# കൈറ്റ് മിസ്ട്രസ് മാർ





# കടപ്പാട്

"മഴവില്ല്" എന്ന ഡിജിറ്റൽ മാഗസിൻ പൂർത്തീകരണത്തിനുവേണ്ടി ലിറ്റിൽ കൈറ്റ്സ് കൂട്ടുകാരോടൊപ്പം എല്ലാവിധ നിർദേശങ്ങളും നൽകി ആത്മ സ്പന്ദനങ്ങളായി മാറിയ ഞങ്ങളുടെ പ്രിയങ്കരികളായ കൊച്ചുറാണി ടീച്ചറിനും ഉഷാകുമാരി ടീച്ചറിനും ഞങ്ങൾ ഏവരുടേയും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അർപ്പിച്ചുകൊള്ളുന്നു.

# നന്ദി.................................



# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ